# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## കാരോട് ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001

ഇ-മെയിൽ: lfadtvm@yahoo.in

ഫോൺ : 0471-2331231

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1324/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തിരുവനന്തപുരം.-695001
തീയ്യതി: 16/10/2023
ഇ-മെയിൽ: lfadtvm@yahoo.in
ഫോൺ: 0471-2331231

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
കാരോട് ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : കാരോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം കാരോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.റ്റി.വി.എം.ജി.പി.3/1324/2023 തീയ്യതി: 16/10/2023

## തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-04-2022 മുതൽ 31-03-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 34 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 19 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീജ .കെ | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) | 01-04-2022 | 31-03-2023 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 07-08-2023 | 17-08-2023 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.ലക്ഷ്മി.വി.എസ്.നായർ, ഓഡിറ്റ് ഓഫീസർ
ശ്രീ.അഭിജിത്ത്.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.ആശ.ജി.ആർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീമതി.പ്രീതാ ജാസ്മിൻ, സീനിയർ ഗ്രേഡ് ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എം.രാജേന്ദ്രൻ നായർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |
| ശ്രീ.എ. ഗോപാലൻ | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ.എം.സുനി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 20-10-2022 |
| ശ്രീ.പ്രവീൺ.എസ്.റ്റി | സെക്രട്ടറി | 21-10-2022 | 31-03-2023 |

### നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.എ. ഗോപാലൻ | സെക്രട്ടറി | 01-04-2022 | 31-05-2022 |
| ശ്രീ.എം.സുനി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-06-2022 | 20-10-2022 |
| ശ്രീ.പ്രവീൺ.എസ്.റ്റി | സെക്രട്ടറി | 21-10-2022 | 31-03-2023 |
| ശ്രീ.എം.സുനി | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 25-10-2022 |
| ശ്രീ.വിക്ടർ സുരേഷ്.എസ്.ബി | അസിസ്റ്റന്റ് സെക്രട്ടറി-ഇൻ-ചാർജ്ജ് | 26-10-2022 | 30-10-2022 |
| ശ്രീമതി.അജിതകുമാരി | അസിസ്റ്റന്റ് സെക്രട്ടറി | 31-10-2022 | 12-02-2023 |
| ശ്രീ.വിക്ടർ സുരേഷ്.എസ്.ബി | അസിസ്റ്റന്റ്സെക്രട്ടറി-ഇൻ-ചാർജ്ജ് | 13-02-2023 | 01-03-2023 |
| ശ്രീ.വിക്ടർ സുരേഷ്.എസ്.ബി | അസിസ്റ്റന്റ് സെക്രട്ടറി | 02-03-2023 | 31-03-2023 |
| ശ്രീമതി.സാറാ ജാസ്മിൻ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-05-2022 |
| ശ്രീ.സുരേഷ്കുമാർ.ജെ | അസിസ്റ്റന്റ് എഞ്ചിനീയർ | 01-06-2022 | 05-09-2022 |
| ശ്രീ.ജ്യോതി രാജ് കെ.എസ് | അസിസ്റ്റന്റ് എഞ്ചിനീയർ | 06-09-2022 | 31-03-2023 |
| ഡോ.ആര്യ.എസ്.ആർ | കൃഷി ഓഫീസർ | 01-04-2022 | 10-10-2022 |

| | | | |
|---|---|---|---|
| ശ്രീമതി.ലീന.എസ്.എൻ | കൃഷി ഓഫീസർ | 11-10-2022 | 31-03-2023 |
| ശ്രീ.പ്രസന്ന കുമാർ.പി | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 31-03-2023 |
| ശ്രീമതി ജയറാണി.എം | ഹെഡ്മിസ്ട്രസ് | 01-04-2022 | 31-05-2022 |
| ശ്രീമതി വിജയകുമാരി | ഹെഡ്മിസ്ട്രസ് ഇൻ ചാർജ് | 01-06-2022 | 29-06-2022 |
| ശ്രീമതി ലേഖാകുമാരി.എസ്.കെ | ഹെഡ്മിസ്ട്രസ് | 30-06-2022 | 31-03-2023 |
| ശ്രീ.വിശ്വകുമാർ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2022 | 17-06-2022 |
| ഡോ.സീമ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 18-06-2022 | 29-07-2022 |
| ഡോ.അങ്കിത.ജെ.പി | മെഡിക്കൽ ഓഫീസർ, ഹോമിയോ | 30-07-2022 | 31-03-2023 |
| ഡോ.കലാജി പ്രീത.എസ് | ഐ.സി.ഡി.എസ് സൂപ്പർവൈസർ | 01-04-2022 | 31-03-2023 |
| ശ്രീ.ഷിബിൻ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഗ്രേഡ് 1)) | 01-04-2022 | 09-10-2022 |
| ശ്രീമതി.ദീപ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഗ്രേഡ് 1) | 10-10-2022 | 31-03-2023 |
| ശ്രീ.ആരോമൽ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഗ്രേഡ് 2) | 01-04-2022 | 09-10-2022 |
| ശ്രീമതി.നിഷ.ആർ | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ (ഗ്രേഡ് 2) | 27-12-2022 | 31-03-2023 |
| ഡോ.സിമി.എസ്.അൻസലം | വെറ്റിനറി സർജൻ | 01-04-2022 | 27-01-2023 |
| ഡോ.ബിഷേ.എസ് | വെറ്റിനറി സർജൻ | 28-01-2023 | 31-03-2023 |
| ഡോ.സ്മിത റാണി.കെ.എസ് | മെഡിക്കൽ ഓഫീസർ (ആയുർവേദം) | 01-04-2022 | 31-03-2023 |
| ഡോ.എബി ജോൺ | മെഡിക്കൽ ഓഫീസർ (അലോപ്പതി) | 01-04-2022 | 31-03-2023 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല. | 1-1-1 |
| 3 | അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല. | 1-1-2 |
| 4 | വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല. | 1-1-3 |
| 5 | ക്യാഷ് ഫ്ലോ പത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. | 1-1-4 |
| 6 | ചെക്ക് നിക്ഷേപിച്ചു- ബാങ്കിൽ കളക്ട് ആയില്ല | 1-1-5 |
| 7 | തുക ചെലവ് ചെയ്ത ഇനം പ്രതിഫലിപ്പിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല | 1-1-6 |
| 8 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. | 1-1-7 |
| 9 | അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല | 1-1-8 |
| 10 | ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല. | 1-1-9 |
| 11 | കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല. | 1-1-10 |
| 12 | അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു. | 1-1-11 |
| 13 | ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല. | 1-1-12 |
| 14 | കാലാവധി കഴിഞ്ഞചെക്കുകളുടെ വിവരങ്ങൾ ശരിയായ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നില്ല. | 1-1-13 |
| 15 | റീകൺസിലിയേഷൻ പത്രിക, ആർപി 40b, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു. | 1-1-14 |
| 16 | ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല. | 1-1-15 |
| 17 | സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തിയിട്ടില്ല. | 1-1-16 |
| 18 | ധനകാര്യപത്രികയിലെ പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകങ്ങൾ | 1-1-17 |
| 19 | ബജറ്റ് | 1-2 |
| 20 | സാമ്പത്തിക വിശകലനം | 1-3 |
| 21 | ഗ്രാന്റ് വിനിയോഗം | 1-4 |
| 22 | പദ്ധതി അവലോകനം | 1-5 |
| 23 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-6 |
| 24 | ക്യാഷ് വെരിഫിക്കേഷൻ | 1-7 |
| 25 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 26 | മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി | 1-9 |
| 27 | സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിട വിസ്തീർണം യഥാർത്ഥ വിസ്തീർണത്തെക്കാൾ കുറവ് | 1-10 |
| 28 | വസ്തു നികുതിനിർണയം-അപാകത | 1-10-1 |
| 29 | വസ്തു നികുതി-ഡി.സി.ബി യിലും വാർഷിക ധനകാര്യ പത്രികയിലും വ്യത്യാസം നിലനിൽക്കുന്നു | 1-10-2 |
| 30 | മൾട്ടി ഒക്കുപ്പൻസി കെട്ടിടങ്ങൾക്ക് Weighted FSI യും Average FSI യും പ്രത്യേകമായി കണക്കാക്കുന്നില്ല | 1-11 |
| 31 | സേവന ഉപനികുതി | 1-12 |
| 32 | വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകത | 1-13 |
| 33 | സ്ത്രീ പദവി പഠനം-പെൺ അടയാളങ്ങൾ പദ്ധതി-രേഖകൾ ലഭ്യമാക്കിയില്ല.ചെലവഴിച്ച 16283/- രൂപ തടസ്സപ്പെടുത്തുന്നു. | 1-14 |
| 34 | ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെ ഗുണഭോക്താക്കളെ തെരെഞ്ഞെടുത്തു. | 1-14-1 |
| 35 | പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ് -ഏൺഡ് ലീവ് കണക്കാക്കാതെ സറണ്ടർ തുക അനുവദിച്ചു- 126013/- രൂപ തടസ്സപ്പെടുത്തുന്നു. | 1-15 |
| 36 | അങ്കണവാടി കുട്ടികളുടെ കുട്ടികളുടെ കലാ കായിക മേള -പദ്ധതി നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും അധിക ചെലവ് ചെയ്തു | 1-16 |
| 37 | ജാഗ്രതാ സമിതി -പ്രവർത്തനം | 1-17 |
| 38 | ജി.എസ്.ടി ഇനത്തിലെ തുക ഒടുക്കുവരുത്തിയതിലെ അപാകതകൾ . | 1-18 |
| 39 | ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-19 |
| 40 | MGNREGS - റോഡ് പ്രവർത്തികളിൽ സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ കൂടുതൽ തുക അനുവദിച്ചു- (81,504/- | 1-20 |

| | | |
|---|---|---|
| | രൂപ) | |
| 41 | ഗെയിം ഫെസ്റ്റ് കായിക വികസനം- അപാകതകൾ | 1-21 |
| 42 | പാഥേയം (ജനറൽ) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല- 9,49,312/- രൂപ തടസ്സപ്പെടുത്തുന്നു | 1-22 |
| 43 | മിനിമാസ്റ്റ് ലൈറ്റുകൾ - കുറഞ്ഞ ടെണ്ടർ നൽകിയ സ്ഥാപനത്തിനെ ഒഴിവാക്കി നടപടിക്രമങ്ങൾ പാലിക്കാതെ നിർവഹണം നടത്തി - 1492450/-രൂപ തടസ്സപ്പെടുത്തുന്നു. | 1-23 |
| 44 | ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ പദ്ധതി-മരുന്ന് ലഭ്യമായിട്ടില്ല | 1-24 |
| 45 | ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ- ജിഎസ്ടി റ്റിഡിഎസ് ഈടാക്കിയിട്ടില്ല | 1-25 |
| 46 | ഹരിതകർമ്മ സേനയ്ക്ക് രണ്ട് വാഹനം -ആവശ്യകത വ്യക്തമാക്കേണ്ടതുണ്ട് | 1-26 |
| 47 | വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ -അപാകതകൾ സംബന്ധിച്ച് | 1-27 |
| 48 | മൽസര പരീക്ഷ പരിശീലന കേന്ദ്രം-അപാകതകൾ | 1-28 |
| 49 | ചുവർചിത്രം വരയ്ക്കൽ- രേഖകളുടെ അഭാവത്തിൽ 45000/- രൂപ തടസ്സം ചെയ്യുന്നു | 1-29 |
| 50 | ലൈഫ് ഭവന പദ്ധതി - നിശ്ചിത കാലാവധിക്കുള്ളിൽ പണി പൂർത്തീകരിച്ചില്ല | 1-30 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | അങ്കണവാടി കുട്ടികളുടെ കുട്ടികളുടെ കലാ കായിക മേള -പദ്ധതി നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും അധിക ചെലവ് ചെയ്തു-15000/- രൂപ നിരാകരിക്കുന്നു | 3-1 |
| | ഭാഗം **4** | |
| 1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ. | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 4 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 5 | സ്ഥിര നിക്ഷേപം | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ | 4-7 |
| 8 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

I. കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1&11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് 24.07.2023 ലെ 3-ാം നമ്പർ കമ്മിറ്റി തീരുമാനം പ്രകാരം തയ്യാറാക്കി 24.07.2023 തീയതിയിൽ പിന്തുണയ്ക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള കാരോട് ഗ്രാമപഞ്ചായത്തിന്റെ മാർച്ച് 2023 അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 വരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.
Ii. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.
Iii. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

വിശേഷണങ്ങളോടു കൂടിയ അഭിപ്രായം

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, കാരോട് ഗ്രാമ പഞ്ചായത്തിന്റെ 2022-2023 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തെക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.
വാർഷിക ധനകാര്യപത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

### 1-1-1 ആസ്തികൾ ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയില്ല.

ഗ്രാമപഞ്ചായത്തിൽ SBI Pozhiyur ശാഖയിൽ 41601123118 നമ്പരായി ആരംഭിച്ച അക്കൗണ്ടിൽ 31.03.2023 ൽ നീക്കിയിരിപ്പായി 49,719/- രൂപയുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ വിവരങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി ഹരിതകർമസേനയ്ക്ക് വാഹനം വാങ്ങൽ എന്ന പ്രോജക്ട് പ്രകാരം (പ്രോജക്ട് നം. 105/23) എന്ന പ്രോജക്ട് പ്രകാരം 4,83,149/- രൂപ വാഹനം വാങ്ങിയതിന് ചെലവഴിച്ചിട്ടുണ്ട്. ആയത് ആസ്തിയായി ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-2 അക്കൌണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല.

2011-ലെ കേരള പഞ്ചായത്ത്‌രാജ് അക്കൗണ്ട് ചട്ടങ്ങൾ ചട്ടം 62-2 (എഫ്) പ്രകാരമുള്ള വാർഷിക അനുപാതങ്ങൾ, നോട്സ് ഓൺ അക്കൗണ്ട്സ് എന്നിവ വാർഷിക ധനകാര്യപത്രികയ്ക്കൊപ്പം സമർപ്പിച്ചിട്ടില്ല.

### 1-1-3 വാർഷിക കണക്കുകളുടെ ഷെഡ്യൂളുകൾ സമർപ്പിച്ചിട്ടില്ല.

തൻവർഷത്തെ പ്രവർത്തനഫലം ക്രമീകരിച്ചതിന്റെ കണക്ക് ഉൾപ്പെടുത്തിയ B1 ഷെഡ്യൂൾ സമർപ്പിച്ചിട്ടില്ല.

### 1-1-4 ക്യാഷ് ഫ്ലോ പത്രികയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

ക്യാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല.

### 1-1-5 ചെക്ക് നിക്ഷേപിച്ചു- ബാങ്കിൽ കളക്ട് ആയില്ല

(എ) IOB തനത് ഫണ്ട് അക്കൗണ്ടിന്റെ മാർച്ച് 2023 റീകൺസിലിയേഷൻ പത്രിക പ്രകാരം ചുവടെ ചേർത്തിരിക്കുന്ന ചെക്കുകൾ Cheque Deposited But Not Collected എന്നയിനത്തിൽ കാണുന്നു. തുക എന്താവശ്യത്തിന് ലഭ്യമായതാണെന്നും തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല.

| നം. | തീയതി | ഇനം | തുക |
|---|---|---|---|
| 1220100301 | 05.05.22/198277 | Sale Of Forms AE | 40912/- |
| 12201070130 | 31.03.2023 | Fee And Contributions District Collector | 498807/- |
| 1220000597 | 19.09.2022 | --- | 9036/- |
| 119010500013 | 31.08.2019 | ---- | 1250/- |

(ബി) SBI E-പേയ്മെന്റ് അക്കൗണ്ടിന്റെ മാർച്ച് 2023 റീകൺസിലിയേഷൻ പത്രിക പ്രകാരം 82627/- രൂപ Cheque Deposited But Not Collected എന്നയിനത്തിൽ കാണുന്നു. തുക എന്താവശ്യത്തിന് ലഭ്യമായതാണെന്നും തുക ഈടാക്കുന്നതിന് സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും ലഭ്യമാക്കിയില്ല.

### 1-1-6 തുക ചെലവ് ചെയ്ത ഇനം പ്രതിഫലിപ്പിക്കുന്ന ശീർഷകത്തിൽ ബുക്ക് ചെയ്തില്ല

ഉദാ- സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായ 3 പ്രോജക്ടുകൾ പ്രകാരം 3,19,706/- രൂപ ഡെപ്പോസിറ്റ് വർക്കിനത്തിൽ കെ.എസ്.ഇ.ബി യ്ക്ക് നൽകിയിട്ടുണ്ട്. എന്നാൽ തുക മുൻകൂർ ശീർഷകത്തിൽ ബുക്ക് ചെയ്തിട്ടില്ല.

### 1-1-7 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, മുൻകൂർ രജിസ്റ്റർ, ലോൺ രജിസ്റ്റർ എന്നിവ ആവശ്യമായ രേഖപ്പെടുത്തൽ നടത്തി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ ഈയിനങ്ങളിൽ വാർഷിക ധനകാര്യപത്രികയിലെ രേഖപ്പെടുത്തലിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2) (ഇ), (ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ വാടക, ലേല രജിസ്റ്റർ, തൊഴിൽ നികുതി രജിസ്റ്റർ, ലൈസൻസ് ഫീ രജിസ്റ്റർ എന്നിവ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.

### 1-1-8 അക്രൂവൽ ഇനങ്ങളുടെ ഡിമാന്റ് എൻട്രി സമയബന്ധിതമായി രേഖപ്പെടുത്തുന്നില്ല

വസ്തുനികുതി ലെഡ്ജറിൽ വർഷാരംഭത്തിലും തുടർന്ന് എല്ലാ മാസവും ഡിമാന്റ് എൻട്രി ഇല്ല.

### 1-1-9 ജേണൽ വൌച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല.

ജേണൽ വൗച്ചറുകൾ, കോൺട്രാ വൗച്ചറുകൾ എന്നിവ സൂക്ഷിച്ചിട്ടില്ല. ജേണൽ എൻട്രികൾക്കാധാരമായ വൗച്ചറുകൾ സൂക്ഷിക്കുന്നില്ല.

### 1-1-10 കുടിശ്ശിക തുകയ്ക്ക് അനുസൃതമായി പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

സാമ്പത്തിക വർഷത്തിനുള്ളിൽ പൂർത്തീകരിക്കാനാവാത്ത ചെലവുകൾക്ക് (ഉദാഹരണമായി മാർച്ച് 2023 ലെ ജനപ്രതിനിധികളുടെ ഓണറേറിയം, ഇന്ധനചെലവ് തുടങ്ങിയവ) ബാലൻസ് ഷീറ്റ് ബി 9 ഷെഡ്യൂളിൽ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല.

### 1-1-11 അക്യുമലേറ്റഡ് ഡിപ്രീസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെ അധികരിക്കുന്നു.

ഉദാ- Accumulated Depreciation- Public Lighting Accumulated Depreciation 1,28,35,127/-

Asset - Street Lights - Line Extn - 11485986/-

### 1-1-12 ചെലവഴിക്കാൻ അവശേഷിക്കുന്ന തുകകളും അവ നിക്ഷേപിച്ചിരിക്കുന്ന ബാങ്ക്/ട്രഷറി അക്കൌണ്ടുകൾ പ്രകാരമുള്ള നീക്കിയിരിപ്പും പൊരുത്തപ്പെടുന്നില്ല.

ബി2 ഷെഡ്യൂളിൽ Panchayat Distress Relief Fund ന്റെ നീക്കിയിരിപ്പ് 35,320/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എന്നാൽ B17 പത്രികയിൽ ആയത് 36,380/- എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത്.

### 1-1-13 കാലാവധി കഴിഞ്ഞചെക്കുകളുടെ വിവരങ്ങൾ ശരിയായ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നില്ല.

തനത് ഫണ്ട് അക്കൗണ്ടിന്റെ( IOB) മാർച്ച് 2023 റീകൺസിലിയേഷൻ പത്രിക പ്രകാരം കാലാവധി കഴിഞ്ഞ 66,392/- രൂപയുടെ ചെക്കുകൾ Cheques Issued But Not Presented To Bank എന്നയിനത്തിൽ കാണുന്നു. ആയത് Stale Cheques എന്ന ശീർഷകത്തിൽ ഉൾപ്പെടുത്തിയില്ല.

### 1-1-14 റീകൺസിലിയേഷൻ പത്രിക, ആർപി 40b, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവയിലെ വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| അക്കൗണ്ട് നം. | നീക്കിയിരിപ്പ് | | റീകൺസിലിയേഷൻ പത്രിക പ്രകാരം ബാങ്ക് ബുക്ക് നീക്കിയിരിപ്പ് |
|---|---|---|---|
| | ആർ പി 40 ബി, ബാങ്ക് ബുക്ക് | ബാങ്ക് സ്റ്റേറ്റ്മെന്റ് | |
| SBI E-payment (37068160779) | 1946121 | 1736773.26 | 1,819,435.00 |

### 1-1-15 ആസ്തി രജിസ്റ്റർ പരിപാലിച്ചിട്ടില്ല.

ആസ്തിയും വാർഷിക കണക്കുകളും തമ്മിൽ താരതമ്യം ചെയ്യുവാൻ സാധിച്ചില്ല.

### 1-1-16 സ്റ്റോക്കുകളുടെ മൂല്യനിർണയം നടത്തിയിട്ടില്ല.

സ്റ്റോക്കുകളുടെ മൂല്യനിർണ്ണയം നടത്തി B-14 Stock In Hand (Inventories)- ൽ ഉൾപ്പെടുത്തിയിട്ടില്ല.

### 1-1-17 ധനകാര്യപത്രികയിലെ പരിശോധനയിൽ കണ്ടെത്തിയ മറ്റ് അപാകങ്ങൾ

(എ) ഗുണഭോക്താക്കൾക്ക് നേരിട്ട് തുക കൈമാറുന്ന സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ (ഉദാ- കർഷക തൊഴിലാളി പെൻഷൻ, തൊഴിൽ രഹിത വേതനം......) വരവുകൾ ( I-6) ചെലവുകൾ (I-14D) ഷെഡ്യൂളുകളിൽ ബുക്ക് ചെയ്തിട്ടില്ല.

(ബി) ആർ പി 30 പ്രകാരം സംയുക്ത പ്രോജക്ടുകൾക്കായി ജില്ലാ പഞ്ചായത്ത് വിഹിതമിനത്തിൽ 1,15,500/- രൂപ ലഭ്യമായിട്ടുണ്ട്. എന്നാൽ വരവിന്റെ വിശദാംശങ്ങൾ I-6ൽ ഉൾപ്പെടുത്തിയിട്ടില്ല. സുലേഖ പത്രിക പ്രകാരം 1,15,500/- രൂപ ചെലവ് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ധനകാര്യപത്രികയിൽ ബാധ്യതാശീർഷകത്തിൽ പ്രസ്തുത തുക കുറവുവരുത്തിയിട്ടില്ല.

(സി) ഡിപ്രീസിയേഷൻ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല.

(ഡി) ധനകാര്യപത്രിക പ്രകാരം ഫെസ്റ്റിവൽ അഡ്വാൻസ് ഇനത്തിൽ മുന്നിരിപ്പ്, നൽകിയ തുക, തിരികെ ലഭ്യമായ തുക, നീക്കിയിരിപ്പ് എന്നിവ പൊരുത്തപ്പെടുന്നില്ല.

| ഇനം | മുന്നിരിപ്പ് | ലഭ്യമായ തുക | നൽകിയതുക | നീക്കിയിരിപ്പ് |
|---|---|---|---|---|
| ഫെസ്റ്റിവൽ അഡ്വാൻസ് | 23000 | 15000 | 249000 | 7000 |

(ഇ) എ.സി.ആർ പ്രകാരമുള്ള ചെലവ്, സുലേഖ പത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

| ഫണ്ട് | ചെലവ് | |
|---|---|---|
| | എ.സി.ആർ | സുലേഖ |
| വികസനഫണ്ട് ജനറൽ | 16202091 | 21832136 |
| വികസനഫണ്ട് (എസ് സി പി) | 6653681 | 7050726 |
| മെയിന്റനൻസ് ഫണ്ട് ( നോൺ റോഡ്) | 7549550 | 7539550 |

(എഫ്) സി.എഫ്.സി ഫണ്ട് നീക്കിയിരിപ്പ് B4, B17 എന്നിവയിലെ വിവരങ്ങൾ പൊരുത്തപ്പെടുത്തുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | നീക്കിയിരിപ്പ് | |
|---|---|---|
| | ബി4 | ബി 17 |
| സി.എഫ്.സി | 11365228 | 6683729 |

(ജി) സി.എഫ്.സി ഫണ്ട് നീക്കിയിരിപ്പ് കാഷ് ബുക്കിലെയും ധനകാര്യപത്രികയിലെയും വിവരങ്ങൾ പൊരുത്തപ്പെടുന്നില്ല.

| ഫണ്ടിനം | നീക്കിയിരിപ്പ് | |
|---|---|---|
| | കാഷ് ബുക്ക് പ്രകാരം | ധനകാര്യപത്രിക പ്രകാരം |
| സി.എഫ്.സി | 7700594.92 | 6683729 |

### 1-2 ബജറ്റ്

ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തെ ബജറ്റ്, റിവൈസ്ഡ് ബജറ്റ് എന്നിവ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു.

| | ബജറ്റ് | റിവൈസ്ഡ് ബജറ്റ് |
|---|---|---|
| പാസാക്കിയ തീയതി | 30.03.2022 | 8.03.2023 |
| ഭരണസമിതി തീരുമാനം നം. | 1/1 | 1/2 |
| മുന്നിരിപ്പ് | 8891518 | 8891518 |

| | | |
|---|---|---|
| പ്രതീക്ഷിത വരവ് | 584186000 | 437198413 |
| പ്രതീക്ഷിത ചെലവ് | 589057000 | 431312394 |
| നീക്കിയിരിപ്പ് | 4020518 | 14777537 |

ബജറ്റ് തയ്യാറാക്കിയ നടപടിക്രമങ്ങൾ, വകയിരുത്തൽ എന്നിവ സംബന്ധിച്ച അപാകതകൾ ചുവടെ ചേർക്കുന്നു.

1) കേരള പഞ്ചായത്ത് രാജ് ആക്ട് 1994 ലെ സെക്ഷൻ 214 ൽ, പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ബജറ്റ്, നിർണ്ണയിക്കപ്പെടുന്ന ചട്ടങ്ങൾക്കും സർക്കാർ അതത് സമയങ്ങളിൽ പുറപ്പെടുവിക്കുന്ന നിർദ്ദേശങ്ങൾക്കും വിധേയമായി തയ്യാറാക്കുന്നതിനും ആയതിന് അനുമതി നൽകുന്നതിനും നിഷ്കർഷിച്ചിട്ടുണ്ട്.

സെക്ഷൻ 214(3) പ്രകാരം വരവുകളുടെ മതിപ്പ് സവിസ്താരവും വാസ്തവികവും ആയിരിക്കേണ്ടതും മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു പ്രത്യക്ഷ വ്യതിയാനങ്ങളോടുമൊപ്പം വിശദമായമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതുമാണ് എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. എന്നാൽ 2022-23 ബജറ്റ് എസ്റ്റിമേറ്റിൽ ഇപ്രകാരം കുറിപ്പുകളോ വിശദീകരണങ്ങളോ ഉൾപ്പെടുത്തിയിട്ടില്ല.

2) വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള യഥാർത്ഥ വരവുകളും ബജറ്റ് പ്രകാരമുള്ള വരവുകളും തമ്മിൽ കൂടുതൽ അന്തരം കാണുന്നു. ഉദാഹരണം ചുവടെ ചേർക്കുന്നു.

| Detailed Head | ഇനം | AFS പ്രകാരമുള്ള വരവ് | ബഡ്ജറ്റ് പ്രകാരം വരവ് |
|---|---|---|---|
| 1308001 | Other Rents | 7474 | 0 |
| 1405002 | Market Receipts | 92466 | 0 |

(ബി) ബജറ്റിൽ വകയിരുത്തലും ചെലവും.

പഞ്ചായത്ത് രാജ് നിയമത്തിലെ സെക്ഷൻ 214(6) പ്രകാരം അനിവാര്യ അടിയന്തിര സാഹചര്യത്തിലൊഴികെ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത യാതൊരു തുകയും ചെലവഴിക്കാൻ പാടുള്ളതല്ല. 214(8) വകുപ്പ് പ്രകാരം ബജറ്റിൽ വകയിരുത്തിയതിൽ കവിഞ്ഞ് തുക ചെലവഴിക്കാൻ പാടില്ലായെന്നും വ്യക്തമാക്കിയിട്ടുണ്ട്. 2011ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടം 72, 73, 74 പ്രകാരം ബജറ്റിൽ നിർദ്ദേശിച്ചിട്ടില്ലാത്തതോ നിർദ്ദേശിച്ചതിൽ കൂടുതലോ ആയ ചെലവ് ചെയ്യേണ്ടി വരികയാണെങ്കിൽ ചെലവ് ചെയ്യുന്നതിനു മുൻപ് അനുപൂരക ബജറ്റോ പുതുക്കിയ ബജറ്റോ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതുണ്ട്. റിവൈസ്ഡ് ബജറ്റ് തയാറാക്കിയിട്ടുണ്ടെങ്കിലും ബജറ്റിലെയും ധനകാര്യപത്രികയിലെയും, ചെലവിനങ്ങൾ തമ്മിൽ പൊരുത്തപ്പെടുത്തിയപ്പോൾ ബജറ്റിൽ വകയിരുത്താതെ വിവിധയിനങ്ങളിൽ തുക ചെലവഴിച്ചതായും, വകയിരുത്തിയതിനേക്കാൾ കൂടുതൽ തുക ചെലവ് ചെയ്തതായും കാണുന്നു. ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ഹെഡ് | ഇനം | ബജറ്റിൽ വകയിരുത്തിയ തുക (പുതുക്കിയ ബജറ്റ് പ്രകാരം) | AFS പ്രകാരമുള്ള ചെലവ് |
|---|---|---|---|
| 2301003 | Diesel, Petrol .. For Generator | 0 | 20511 |
| 2305004 | Repairs And Maintenance- Culverts | 4,87,104 | 1,00,000 |
| 2305006 | Repairs And Maintenance- Irrigation | 0 | 9750 |

നിലവിൽ ബജറ്റിന്റെ നിർവ്വഹണം പരിശോധിക്കുന്നതിന് അക്കൗണ്ടിംഗ് സോഫ്റ്റ് വെയർ പ്രകാരം പ്രൊവിഷനില്ല. അതിനാൽ ബജറ്റ് അലോട്ട്മെന്റിൽ അധികമായി ചെയ്യുന്ന ചെലവുകൾ നിയന്ത്രിക്കുന്നതിനോ, ബജറ്റ് അലോട്ട്മെന്റ് ഇല്ലാത്ത ഇനങ്ങൾക്ക് ചെലവ് ചെയ്യുന്നത് തടയുന്നതിനോ നിലവിൽ സാധിക്കുന്നില്ല. അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്തിട്ടില്ലാത്തതിനാൽ തദ്ദേശ സ്ഥാപനത്തിന്റെ ധനകാര്യ മാനേജ്മെന്റിനുള്ള ഒരു ക്രമീകരണമായിട്ട് ബജറ്റ് പ്രവർത്തിക്കുന്നതിനും നിലവിൽ സാധിച്ചിട്ടില്ല. ബജറ്റ് തയ്യാറാക്കുന്ന ഹെഡ്ഡിൽ തന്നെ ചെലവുകൾ ബുക്ക ചെയ്യുന്നതിന് ശ്രദ്ധിക്കേണ്ടതാണ്. കൂടാതെ ബജറ്റിന്റെ രൂപീകരണത്തിലും നിർവ്വഹണത്തിലും കൂടുതൽ ശ്രദ്ധ പുലർത്തേണ്ടതും അക്കൗണ്ടിംഗ് സോഫ്റ്റ് വെയറുമായി ബജറ്റ് ലിങ്ക് ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതുമാണ്. ഇത് സംബന്ധിച്ച ഓഡിറ്റ് എൻക്വയറി നം. 4/08.08.2023 ന് അപാകതകൾ പരിഹരിച്ച് ഉടർന്നുള്ള ബജറ്റ് തയ്യാറാക്കുന്നതാണെന്ന് മറുപടി നൽകിയിട്ടുണ്ട്.

## 1-3 സാമ്പത്തിക വിശകലനം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 16904980 |
| ഓഡിറ്റ് വർഷത്തെ വരവ് | 80383177 |
| ആകെ | 97288157 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65508160 |
| നീക്കിയിരിപ്പ് | 31779997 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 20,92,57,812/- രൂപയും ചെലവ് 22,97,38,613/- രൂപയുമാണ്.

## 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ലാപ്സ് |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 16327596 | 16327596 | 21832136 | -5504540 |
| വികസനഫണ്ട് (എസ്.സി.പി) | 0 | 7665955 | 7665955 | 7050726 | 615229 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Tied) | 0 | 9422812 | 9422812 | 8610579 | 812233 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് (CFC-Untied) | 0 | 4626207 | 4626207 | 1513020 | 3113187 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡ് | 0 | 15136000 | 15136000 | 15136000 | 0 |
| മെയിന്റനൻസ് ഗ്രാന്റ്- റോഡിതരം | 0 | 9086000 | 9086000 | 7539550 | 1546450 |
| CSS | 0 | 0 | 0 | 1547874 | -1547874 |
| SSS | 0 | 0 | 0 | 44000 | -44000 |

വിവിധ ഫണ്ട് ഇനത്തിൽ പഞ്ചായത്തിന് ലഭിച്ച ഗ്രാന്റ് വിവരങ്ങൾ, എ.സി.ആർ, വാർഷിക ധനാര്യ പത്രിക എന്നിവ പരിശോധിച്ചതിൽ ശ്രദ്ധയിൽപെട്ട അപാകങ്ങളും അവയുടെ അടിസ്ഥാനത്തിൽ ലഭ്യമാക്കിയ ഓഡിറ്റ് അന്വേഷണക്കുറിപ്പിന്റെ (13/11.08.2023) മറുപടിയും ചുവടെ ചേർക്കുന്നു.

1) വിവിധ ഫണ്ട് ചെലവിനത്തിൽ ഇനത്തിൽ ഗ്രാന്റ് സ്റ്റേറ്റ്മെന്റ്, എ.സി.ആർ, എ.എഫ്.എസ് എന്നിവയിൽ താഴെപ്പറയും പ്രകാരം വ്യത്യാസമുണ്ട്.

| ഫണ്ട് | ഗ്രാന്റ് സ്റ്റേറ്റ്മെന്റ് , സുലേഖ ചെലവ് പത്രിക എന്നിവ പ്രകാരം | എ.സി.ആർ പ്രകാരം | വാർഷിക ധനകാര്യ പത്രിക പ്രകാരം (I6 + Corresponding Capital Contribution) |
|---|---|---|---|

| | | | |
|---|---|---|---|
| വികസന ഫണ്ട് (ജനറൽ) | 21832136 | 16202091 | 21832136 |
| വികസന ഫണ്ട് (എസ്.സി.പി) | 7050726 | 6653681 | 7050726 |
| വികസന ഫണ്ട് (CFC Tied) | 8610579 | 8726049 | 5677587 |
| വികസന ഫണ്ട് (CFC Untied) | 1513020 | 1513020 | 3293065 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 7539550 | 7549550 | 7539550 |

ഗ്രാമപഞ്ചായത്തിന് ലഭിക്കുന്ന ഗ്രാന്റിനത്തിൽ നിന്നും സ്രോതസ്സിൽ കുറവ് ചെയ്യുന്ന തുക എ.സി.ആർ. ൽ പ്രതിഫലിക്കാത്തതും സുലേഖയിൽ ഉൾപ്പെടുന്നതുമായ കാരണങ്ങൾ ഉണ്ട്. ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

2) ഗ്രാമപഞ്ചായത്തിൽ 2022-23 സാമ്പത്തിക വർഷം മേഖലാ അടിസ്ഥാനത്തിൽ പദ്ധതി മാർഗരേഖ പ്രകാരമുള്ള തുക വകയിരുത്തിയിട്ടുണ്ടെങ്കിലും ഭാഗികമായി മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്. മേഖലാടിസ്ഥാനത്തിലുള്ള ചെലവ് വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിഭാഗം | അടങ്കൽ (മറ്റുള്ളവ ഒഴികെ) | ചെലവ് (മറ്റുള്ളവ ഒഴികെ) | ചെലവ് % |
|---|---|---|---|---|
| ഉല്പാദനം | പൊതുവിഭാഗം | 9713900 | 5735711 | 59 |
| | പട്ടിക ജാതി | 0 | 0 | 0 |
| സേവനം | പൊതുവിഭാഗം | 74423374 | 41616841 | 60 |
| | പട്ടിക ജാതി | 16817728 | 7096369 | 42 |
| പശ്ചാത്തലം | പൊതുവിഭാഗം | 24765860 | 16720659 | 68 |
| | പട്ടിക ജാതി | 2418900 | 1732083 | 72 |

വിഹിതം പൂർണമായും ചെലവഴിക്കാത്തതിന് കാരണം വിശദമാക്കേണ്ടതാണ്. പട്ടികജാതി വിഭാഗത്തിന് ഉത്പാദന മേഖലയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടില്ല. ആയതിന് കാരണം വിശദമാക്കേണ്ടതാണ്.

3) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 5.4.1.9 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, റ്റി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് പത്തു ശതമാനം വനിതാഘടകപദ്ധതിയ്ക്ക് വകയിരുത്തണ്ടേതാണ്. മേൽ ഉത്തരവ് ഖണ്ഡിക 5.4.1.10 പ്രകാരം ഗ്രാമപഞ്ചായത്തുകൾ പൊതു വിഭാഗം വികസനഫണ്ടിലെ സാധാരണ വിഹിതം, എസ്.സി.എസ്.പി, ടി.എസ്.പി എന്നിവ കൂട്ടിയ തുകയുടെ 5 ശതമാനം കുട്ടികൾ, ഭിന്നശേഷിയുള്ളവർ, ട്രാൻസ്ജന്റേഴ്സ് എന്നിവരുടെ ക്ഷേമത്തിനും വികസനത്തിനും വേണ്ടിയും കുറഞ്ഞത് 5 % തുക വയോജനങ്ങളുടെ ക്ഷേമത്തിനും പാലിയേറ്റീവ് കെയർ പ്രകാരമുള്ള പരിചരണത്തിനും വകയിരുത്തണം.പ്രസ്തുത വിഭാഗങ്ങൾക്ക് വകയിരുത്തിയ തുക പൂർണ്ണമായും ചെലവഴിച്ചതായി കാണുന്നില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| വിഭാഗം | അടങ്കൽ തുക (മറ്റുള്ളവ ഒഴികെ) | ചെലവഴിച്ച തുക (മറ്റുള്ളവ ഒഴികെ) | ചെലവ് ശതമാനം (%) |
|---|---|---|---|
| വനിത ഘടക പദ്ധതി | 2695160 | 1239357 | 46 |
| കുട്ടികൾ | 465000 | 295430 | 64 |
| ഭിന്നശേഷിയുള്ളവർ | 5232176 | 3538810 | 68 |
| പാലിയേറ്റീവ് കെയർ രോഗികൾ | 1090389 | 577401 | 53.00% |

പാലിയേറ്റീവ് കെയർ രോഗികൾക്ക് വേണ്ടി തയ്യാറാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികൾക്ക് തുക വകയിരുത്തിയെങ്കിലും ചെലവ് ചെയ്തിട്ടില്ല.

| വിഭാഗം | പദ്ധതി | വകയിരുത്തിയ തുക |
|---|---|---|
| ഭിന്നശേഷിയുള്ളവർ | സ്പീച്ച് ഒക്യുപ്പേഷണൽ ബിഹേവിയർ തെറാപ്പി | 100000 |

സ്പീച്ച് ഒക്യുപ്പേഷണൽ ബിഹേവിയർ തെറാപ്പിയ്ക്കായി 1 ലക്ഷം രൂപ വകയിരുത്തിയിരുന്നുവെങ്കിലും ഗുണഭോക്താക്കൾ ഇല്ലാത്തതിനാൽ തുക ചെലവഴിക്കുവാൻ കഴിഞ്ഞില്ലായെന്നാണ് മറുപടി ലഭ്യമാക്കിയത്.

വിവിധ വിഭാഗങ്ങൾക്ക് വേണ്ടി തയ്യാറാക്കുന്ന പദ്ധതികൾ സമ്പൂർണ്ണ ലക്ഷ്യം കൈവരിക്കുന്നതിന് ബന്ധപ്പെട്ട നിർവഹണ ഉദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതാണ്.

5) സ.ഉ(കൈ)നം.84/2022/തസ്വഭവ തീയതി 19.04.2022 ഖണ്ഡിക 6.7.4 പ്രകാരം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് ഏറ്റെടുക്കുന്ന പ്രോജക്ടുകൾ മേൽ തട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വിഹിതം ഉൾപ്പെടെ സംയുക്ത പ്രോജക്ടുകളായി ഏറ്റെടുക്കേണ്ടതിന് ശ്രമിക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. തൻവർഷം ധനകാര്യ കമ്മീഷൻ ഗ്രാന്റ് ഉപയോഗിച്ച് പഞ്ചായത്തിൽ നടപ്പാക്കിയ പദ്ധതികൾക്കൊന്നും തന്നെ ബ്ലോക്ക്- ജില്ലാ പഞ്ചായത്ത് വിഹിതം വകയിരുത്തിയിട്ടില്ല.

6) പ്രായാധിക്യം, ഗുരുതര രോഗം തുടങ്ങിയ കാരണങ്ങളാൽ ചലനശേഷി പരിമിതപ്പെട്ട് അവശത അനുഭവിക്കുന്ന വ്യക്തികൾക്ക് അനിവാര്യമായ സേവനങ്ങൾ അവരുടെ വീട്ടുപടിക്കൽ സന്നദ്ധ പ്രവർത്തകർ മുഖേന തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന പദ്ധതിയാണ് "വാതിൽപ്പടി സേവനം". ഇതിനായി ആവശ്യമായ ലാപ്ടോപ്, ബയോമെട്രിക് ഉപകരണങ്ങൾ, അനുബന്ധ ചെലവുകൾ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തുകൾ ഒരു ലക്ഷം രൂപയിൽ അധികരിയ്ക്കാത്ത തുക വാർഷിക പദ്ധതിയിൽ നീക്കിവയ്ക്കേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിൽ തൻവർഷം പ്രസ്തുത പദ്ധതിയ്ക്കായി നിശ്ചിത തുക വകയിരുത്തുകയോ (വികസനഫണ്ട് 50000/- രൂപ) പദ്ധതി നടപ്പിലാക്കുകയോ ചെയ്തിട്ടില്ല.

അപാകതകൾ തുടർവർഷങ്ങളിൽ പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

## 1-5 പദ്ധതി അവലോകനം


1) 2022-23 സാമ്പത്തിക വർഷത്തെ ഗ്രാമപഞ്ചായത്തിന്റെ ഓരോ ഇനങ്ങളിലെയും ഗ്രാന്റ് ലഭ്യത, പ്രോജക്ടിനായി അടങ്കൽ വകയിരുത്തിയ തുക, ചെലവഴിച്ച തുക, ഗ്രാന്റ് ലഭ്യത, ചെലവഴിച്ച തുക എന്നിവ തമ്മിലുള്ള താരതമ്യം ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങൾ ഉൾപ്പെടുത്തിയത് (സ്ഥാപനം ലഭ്യമാക്കിയ കണക്കുകൾ പ്രകാരം).

| ഫണ്ട് | 2022-23-ൽ സംസ്ഥാന ബജറ്റ് അനുബന്ധം IV ന്റെ അടിസ്ഥാനത്തിൽ ഗവ:ഉത്തരവുകൾ പ്രകാരം ലഭിക്കുന്ന തുക | 2022-23-ൽ ചെലവഴിച്ച തുക (സുലേഖ ചെലവ് പത്രിക പ്രകാരം) | ലാപ്സായ തുക |
|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം സാധാരണ വിഹിതം | 23267000 | 21832136 | 1434864 |
| വികസനഫണ്ട് എസ്.സി.പി | 8063000 | 7050726 | 1012274 |


| | | | |
|---|---|---|---|
| മെയിന്റനൻസ് ഗ്രാന്റ് നോൺറോഡ് | 9086000 | 7539550 | 1546450 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 15136000 | 15136000 | 0 |
| ആകെ | 55552000 | 51558412 | 3993588 |

ആകെ ലഭ്യമാകുന്ന തുക , ചെലവഴിച്ച തുക, ലാപ്സായ തുക എന്നിവയുടെ താരതമ്യം ലേഖാചിത്രമായി ചേർക്കുന്നു.

(1)




(2)




2) 2022-23 വർഷത്തെ വിവിധ നിർവ്വഹണ മേഖലകളുമായി ബന്ധപ്പെട്ട് വിവിധ നിർവ്വഹണ ഉദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി അടങ്കൽ ചെലവ്, നീക്കിയിരുപ്പ് എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു

(എ)

| നിർവ്വഹണ ഉദ്യോഗസ്ഥർ | ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (ഗു.വി. ഒഴികെ) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| കൃഷി ഓഫീസർ | 6 | 6 | 0 | 2186100 | 1736946 | 79 |
| വെറ്റിറിനറി സർജ്ജൻ | 7 | 7 | 0 | 3197800 | 2051400 | 64 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 11 | 9 | 2 | 4510954 | 2581660 | 51 |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | 2 | 1 | 1 | 350000 | 300000 | 86 |
| മെഡിക്കൽ ഓഫീസർ(ആയുർവേദം) | 1 | 1 | 0 | 700000 | 700000 | 100 |
| വി.ഇ.ഒ | 27 | 18 | 9 | 36459153 | 11020000 | 30 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 19 | 17 | 2 | 11305126 | 9168008 | 81 |
| സെക്രട്ടറി | 41 | 27 | 14 | 19822735 | 12179105 | 61 |
| എച്ച്.എം. എൽ.പി.എസ് | 7 | 6 | 1 | 1070441 | 976243 | 91 |
| അസിസ്റ്റന്റ് എഞ്ചിനീയർ | 152 | 114 | 38 | 37430542 | 27682863 | 74 |
| അസിസ്റ്റന്റ് സെക്രട്ടറി | 23 | 17 | 6 | 5583280 | 2594597 | 46 |
| ഡയറി ഫാം ഇൻസ്ട്രക്ടർ | 1 | 1 | 0 | 3900000 | 1912641 | 49 |

(ബി) ആകെ വരവ് ചെലവ് (സുലേഖ പത്രിക പ്രകാരം)

| ഫണ്ട് | വകയിരുത്തിയ തുക | ചെലവ് തുക | ശതമാനം |
|---|---|---|---|
| പൊതുവിഭാഗം (ജനറൽ) | 27867267 | 21832136 | 78 |
| എസ്.സി.പി. | 9110045 | 7050726 | 77 |
| ടി.എസ്.പി. | 0 | 0 | 0 |
| ധനകാര്യ കമ്മീഷൻ അവാർഡ് | 17970131 | 10123599 | 56 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 2446575 | 1547874 | 63 |

| | | | |
|---|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 11655000 | 440000 | 8 |
| തനത് ഫണ്ട് | 10368073 | 3883106 | 37 |
| മറ്റ് ബ്ലോക്ക്പഞ്ചായത്ത് | 9699000 | 2428000 | 25 |
| മറ്റ് ജില്ലാ പഞ്ചായത്ത് | 9308468 | 2523500 | 27 |
| മെയിന്റനൻസ് റോഡ് | 16979000 | 15136000 | 89 |
| മെയിന്റനൻസ് നോൺ റോഡ് | 10712839 | 7539550 | 70 |
| മറ്റുള്ളവ | 33491488 | 6160000 | 18 |
| ആകെ | 160007619 | 79063463 | 49 |

3) മാർഗ്ഗ രേഖയുടെ 3.1.1 എ 7 പ്രകാരം ആസൂത്രണ സമിതി തുടർച്ചയായി പ്രവർത്തിക്കുന്നുവെന്ന് ഭരണസമിതി ഉറപ്പാക്കണമെന്നും പദ്ധതി ആസൂത്രണപ്രക്രിയ നടക്കുന്ന ഘട്ടത്തിൽ ആവശ്യാനുസരണവും അതിനു ശേഷം കുറഞ്ഞത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും ആസൂത്രണസമിതി യോഗം ചേരണമെന്നും നിഷ്കർച്ചിട്ടുണ്ട്. ആസൂത്രണസമിതി 9.12.22 (1) -ാം നമ്പർ തീരുമാനപ്രകാരം പുന:സംഘടിപ്പിച്ചിട്ടുണ്ട്. ശേഷമുള്ള ആസൂത്രണ സമിതിയിലെ അംഗങ്ങളുടെ വിവരം തദ്ദേശഭരണ സ്ഥാപനത്തിന്റെയും ഘടകസ്ഥാപനങ്ങളുടെയും നോട്ടീസ് ബോർഡുകളിലും തദ്ദേശഭരണ സ്ഥാപനത്തിന്റെ വെബ്സൈറ്റിലും പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറി നം. 2 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

4. സ.ഉ(കൈ) നം. 84/2022/ത.സ്വ.ഭ.വ തീയതി 19.04.2022 ഖണ്ഡിക 3.1.2 ബി പ്രകാരം പൊതുജനങ്ങളിൽ നിന്നും നിർദ്ദേശങ്ങൾ സ്വീകരിച്ച് പദ്ധതി ആസൂത്രണത്തിന് ജനപങ്കാളിത്തം ഉറപ്പ് വരുത്തുക, പദ്ധതി രൂപീകരണ പ്രക്രിയയിൽ നവമാധ്യമങ്ങളുടെ സാധ്യത പ്രയോജനപ്പെടുത്തുക അതത് വികസനമേഖലയുമായി ബന്ധപ്പെട്ട പദ്ധതി ആസൂത്രണത്തിന് നേതൃത്വം നൽകുക വർക്കിംഗ് ഗ്രൂപ്പിന്റെ വിഷയ മേഖലയുമായി ബന്ധപ്പെട്ട സ്ഥിതി വിവര കണക്കുകൾ ശേഖരിക്കുക, ക്രോഡീകരിക്കുക, അപഗ്രഥിക്കുക തുടങ്ങി വിപുലമായ ചുമതലകളാണ് വർക്കിംഗ് ഗ്രൂപ്പുകൾക്ക് ഉള്ളത്

ഖണ്ഡിക 3.1.2.(ബി)7 പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ചാൽ മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി ഏറ്റവും ആദ്യം നടക്കുന്ന വാർഡ് സഭാ യോഗത്തിൽ അവതരിപ്പിക്കേണ്ടതാണ്. ഖണ്ഡിക 3.1.2(ബി)13 പ്രകാരം വാർഷികപദ്ധതി ജില്ലാ ആസൂത്രണ സമിതി അംഗീകരിച്ച ശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് കമ്മിറ്റികളായി പ്രവർത്തിച്ച് പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതാണ്. അത്തരത്തിലൊരു നടപടിക്രമവും പാലിച്ചതായി വർക്കിംഗ് ഗ്രൂപ്പുകൾ മിനിട്സ് പരിശോധനയിൽ കണ്ടെത്തിയിട്ടില്ല.

5) ഖണ്ഡിക 3.1.2(ബി)7 പ്രകാരം മുൻവാർഷിക പദ്ധതിയിൽ നടപ്പാക്കിയ പ്രോജക്ടുകളുടെ ചെലവ് കണക്കുകൾ ഫോറം 4-ൽ തയ്യാറാക്കി അവതരിപ്പിക്കേണ്ടതാണ്. അത്തരത്തിൽ തയ്യാറാക്കി പദ്ധതി രേഖയിൽ അവതരിപ്പിച്ചിട്ടുണ്ടെന്നാണ് ഓഡിറ്റ് എൻക്വയറി നം. 2 ന് മറുപടി ലഭ്യമാക്കിയിട്ടുള്ളത്.

10) പദ്ധതി മാർഗ്ഗരേഖ ഖണ്ഡിക 3.2.1(1) പ്രകാരം വികസന പരിപ്രേഷ്യവും കരട് പ്രോജക്ട് നിർദ്ദേശങ്ങളും തയ്യാറായാൽ ഗ്രാമസഭകൾ യോഗം ചേർന്ന് പ്രോജക്ട് നിർദ്ദേശങ്ങളുടെ മുൻഗണന നിശ്ചയിക്കണമെന്നുള്ളത് നിർബന്ധ വ്യവസ്ഥയാണ്. ഗ്രാമസഭാമിനിട്സുകൾ പരിശോധിച്ചതിൽ അത്തരത്തിലുള്ള നിബന്ധനകൾ പാലിച്ചിട്ടില്ല.,

11) പദ്ധതി അവലോകനം ചുവടെ ചേർക്കുന്നു.

| ആകെ ഏറ്റെടുത്ത പദ്ധതികൾ | നടപ്പിലാക്കിയവ | നടപ്പിലാക്കാത്തവ | ആകെ പദ്ധതി അടങ്കൽ (മറ്റുള്ളവ ഒഴിവാക്കി) | ആകെ പദ്ധതി ചെലവ് | ചെലവ് ശതമാനം |
|---|---|---|---|---|---|
| 297 | 224 | 73 | | | 63 |

12) മാർഗ്ഗരേഖ 3.4.1(3) പ്രകാരം വാർഷിക പദ്ധതി വിഭവ വകയിരുത്തൽ വിവരങ്ങൾ ഫോറം 7-ൽ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറി നം. 2 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

13) മാർഗ്ഗരേഖ 3.4.1.8, 8(എ), (ബി) എന്നിവയുടെ അടിസ്ഥാനത്തിൽ വായ്പാ സാദ്ധ്യതകൾ നിർവ്വഹണ ഉദ്യോഗസ്ഥരും ഭരണസമിതിയുമായി ചർച്ച നടത്തിയതിന്റെ വിശദാംശം ലഭ്യമാക്കിയിട്ടില്ല.

14) മാർഗ്ഗരേഖ 3.5.6.3 (എ) യുടെ അടിസ്ഥാനത്തിൽ മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുമായി സംയോജിച്ച് തൻവർഷം പദ്ധതികൾ നടപ്പിലാക്കിയിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറി നം.2 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

15) മാർഗ്ഗരേഖ 3.5.6.3 (ബി) യുടെ അടിസ്ഥാനത്തിൽ കുടുംബശ്രീ പരിപാടികളുമായി സംയോജിപ്പിച്ച് അസി.സെക്രട്ടറി നിർവ്വഹണം നടത്തുന്ന ബഡ്സ് സ്കൂളിന് സാമഗ്രികൾ വാങ്ങൽ എന്ന പ്രോജക്ട് രൂപീകരിച്ചിരുന്നതായും 2023-24 വർഷത്തിൽ കുടുബശ്രീ നൈപുണ്യ വികസന ഫണ്ട് വകയിരുത്തി പദ്ധതികൾ ഏറ്റെടുത്തിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം.2 ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

16) മാർഗ്ഗരേഖ 3.8.5 (1) ന്റെ അടിസ്ഥാനത്തിൽ നൂതന പ്രോജക്ടുകൾ അംഗീകാരത്തിന് സമർപ്പിച്ചിട്ടില്ലായെന്ന് ഓഡിറ്റ് എൻക്വയറി 2ന്റെ മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

17) സാമൂഹ്യ പ്രതിബദ്ധത നിറവേറ്റുന്നതിന്റെ ഭാഗമായി വകയിരുത്തപ്പെടുന്ന Corporate Social Responsibility Fund (CSR Fund) ലഭ്യമാകുന്നതിന് ബാങ്ക് പ്രതിനിധികളെ സമീപിച്ചിരുന്നതായും പൊതു ഇടങ്ങളിൽ മാലിന്യം നിക്ഷേപം തടയുന്നതിന് വേണ്ട ക്യാമറ സ്ഥാപിക്കാൻ പ്രോജക്ട് ഏറ്റെടുത്തിട്ടുള്ളതായി ഓഡിറ്റ് എൻക്വയറി നം. 2നുള്ള മറുപടിയിൽ വ്യക്തമാക്കിയിട്ടുണ്ട്.

18) മാർഗ്ഗരേഖ 6.8 ന്റെ അടിസ്ഥാനത്തിൽ ആസ്തി സംരക്ഷണ പദ്ധതി തയ്യാറാക്കുന്നതിന്റെ ഭാഗമായി സ്ഥാപനത്തിന്റെ ഉടമസ്ഥതയില്ലുള്ള റോഡ് , റോഡിതര ആസ്തികളുടെ കാലികവും കൃത്യവുമായ രേഖകൾ ഉൾപ്പെടുത്തിയ ആസ്തി രജിസ്റ്റർ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടുണ്ടെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കിയിട്ടില്ല.
ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനത്തിനുതകുന്ന രീതിയിൽ ഗവ. ഉത്തരവുകൾ, മാർഗ്ഗരേഖ എന്നിവയിലെ വ്യവസ്ഥക്ക് വിധേയമായി പദ്ധതിപ്പണം വിനിയോഗിക്കുന്നതിൽ കൂടുതൽ ശ്രദ്ധ ആവശ്യമാണ്.

## 1-6 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 1.5.22 | 1/2022 മുതൽ 3/2022 | ലഭ്യമായിട്ടില്ല |

## 1-7 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 17.08.2023, 2.30 PM ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 1755 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

1) തനത് വരുമാനം ഈടാക്കുന്നതിൽ കൂടുതൽ ശ്രദ്ധ ചെലുത്തേണ്ടതാണ്.
2) ഓഫീസ് ജോലി വിഭജനത്തിന്റെ അടിസ്ഥാനത്തിൽ കൃത്യമായ മോണിറ്ററിംഗിലൂടെ വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസ് ലഭിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

3) നികുതി, നികുതിയേതര വരുമാനങ്ങളുടെ ശേഖരണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിട വിസ്തീർണം കൃത്യമാക്കുകയും 2013 ഒന്നാം അർദ്ധവർഷം മുതൽ നികുതി വർദ്ധിപ്പിച്ച് കുടിശ്ശിക ഈടാക്കേണ്ടതുമാണ്.

4) മോണിറ്ററിംഗ് സമിതി പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കേണ്ടതാണ്. ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ആനുകൂല്യം നൽകുന്നത് ഒഴിവാക്കേണ്ടതാണ്.

5) വാർഡ് തല ജാഗ്രതാ സമിതികളിൽ പരാതികൾ ലഭിച്ചാൽ മാത്രമേ പഞ്ചായത്ത് തല ജാഗ്രതാ സമിതി യോഗം ചേരാറുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. ഫെസിലിറ്റേറ്ററെ നിയമിച്ച ശേഷവും സർക്കാർ ഉത്തരവ് പ്രകാരം ജാഗ്രതാ സമിതി യോഗങ്ങൾ എല്ലാ മാസവും കൃത്യമായി സംഘടിപ്പിച്ചിട്ടില്ല. ജാഗ്രതാ സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

6) ആസ്തി രജിസ്റ്റർ കാലികമാക്കേണ്ടതാണ്.

7) വാർഷിക ധനകാര്യ പത്രിക, അനുബന്ധ രജിസ്റ്ററുകൾ എന്നിവ അപാകങ്ങൾ കൂടാതെ തയ്യാറാക്കി കൃത്യമായി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്.

## 1-9 മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി

ധനകാര്യപത്രിക പ്രകാരമുള്ള വിവരങ്ങൾ

| ഇനം | മുന്നിരിപ്പ് | വരവ് (RP 30 പ്രകാരം) | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണച്ചെലവുകൾ | 31903 | 1623941 | 1655844 | 1623743 | *32101 |
| @ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുക | 0 | 116448883 | 116448883 | 116448883 | 0 |
| ആകെ | 31903 | 118072824 | | 118072626 | 32101 |

അപാകതകൾ

1. കാഷ് ബുക്ക് പ്രകാരമുള്ള വരവ് ചെലവുകൾ ധനകാര്യപത്രികയിലെ വിവരങ്ങളുമായി പൊരുത്തപ്പെടുന്നില്ല.

എൻ.ആർ.ഇ.ജി.എസ് ന്റെ വരവുചെലവുകൾ കൈകാര്യം ചെയ്യുന്നതിനായുള്ള അക്കൌണ്ടിൽ 2022-23 വർഷം ഭരണചെലവുകൾക്കായി തുകയൊന്നും ലഭ്യമായിട്ടില്ല. പഞ്ചായത്തിന്റെ തനത് ഫണ്ട് കൈകാര്യം ചെയ്യുന്നതിനായുള്ള അക്കൗണ്ടിലാണ് തുക ലഭ്യമായിരിക്കുന്നത്.

കാഷ് ബുക്ക് പ്രകാരമുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| മുന്നിരിപ്പ് | വരവ് | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|
| 31903 | 3153.5 | 2955 | 32101.62 |

ധനകാര്യപത്രിക പ്രകാരം NREGS വരവ് 16,23,941/- (971/- രൂപ പലിശ ഉൾപ്പെടെ) രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക മുൻകൂർ നൽകിയതായി കാണിച്ച് (ജേണൽ വൌച്ചർ മുഖേന ) ചെലവും രേഖപ്പെടുത്തിയിരിക്കുന്നു.

*എൻ ആർ ഇ ജി എസ് നീക്കിയിരിപ്പ് തുക (ആർ പി 40 ബി) 32101/- ബാലൻസ്ഷീറ്റിൽ (B-4) ചെലവാക്കാനവശേഷിക്കുന്ന തുക (Rs 32874/-) യുമായി പൊരുത്തപ്പെടുന്നില്ല

IOB MGNRES അക്കൌണ്ടിൽ തുക ലഭ്യമാകാത്തതിന് കാരണം ഓഡിറ്റ് അന്വഷണം മുഖേന ആവശ്യപ്പെട്ടിരുന്നു. ആയതിന് ലഭ്യമായ മറുപടി ഇപ്രകാരമാണ് " 'ടി അക്കൗണ്ട് നമ്പർ നേരത്തെ Vendor ആയി Create ചെയ്തതിനാൽ Admin PFMS ID Create ചെയ്യാൻ സാധിച്ചില്ല. തൻ കാരണത്താൽ Own Fund Account ൽ Admin PFMS Vendor Create ചെയ്തു. ആയതിനാലാണ് MGNREGS അക്കൌണ്ടിലേയ്ക്ക് തുക ക്രഡിറ്റ് ആകാത്തത് ."

തുടർവർഷങ്ങളിൽ MGNREGS വരവുചെലവുകൾ കൈകാര്യം ചെയ്യുന്നതിനായി ആരംഭിച്ച പ്രത്യേക അക്കൌണ്ടുമുഖേന പണമിടപാടുകൾ നടത്താൻ നിർദ്ദേശിക്കുന്നു. ആയതിനുള്ള ഉചിതമായ നടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

@ ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകിയ തുകയുടെ വിവരം ധനകാര്യപത്രികയിൽ (ഇൻകം ആന്റ് എക്സ്പൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ) പ്രത്യേകമായി രേഖപ്പെടുത്തിയിട്ടില്ല.

3. മുൻകൂർ ഇനത്തിൽ ക്രമീകരിക്കേണ്ട തുകയുടെ വിവരങ്ങൾ (ഓഡിറ്റ് അന്വേഷണം 12നുള്ള മറുപടി പ്രകാരം ലഭ്യമായത്)

| ക്രമീകരിക്കാനവശേഷിക്കുന്ന മുന്നിരിപ്പ് തുക | തൻവർഷം തനത് ഫണ്ടിൽ നിന്നും ചെലവായ തുക | തിരികെ ലഭ്യമായ തുക | ക്രമീകരിക്കാനവശേഷിക്കുന്ന നീക്കിയിരിപ്പ് തുക |
|---|---|---|---|
| 1622970 | 2145199 | 1622970 | 2145199 |

മുൻകൂർ നൽകിയതുമായി ബന്ധപ്പെട്ട് ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തേണ്ട രജിസ്റ്ററുകൾ അക്കൗണ്ട്സ് സെക്ഷനിൽ സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മേൽ പരാമർശിത വിവരത്തിന്റെ ആധികാരികത ബോധ്യപ്പെടാനായിട്ടില്ല.

## 1-10 സഞ്ചയ സോഫ്റ്റ് വെയറിൽ കെട്ടിട വിസ്തീർണം യഥാർത്ഥ വിസ്തീർണത്തെക്കാൾ കുറവ്

ബിൽഡിംഗ് ഐഡി - 50298010018223

ഉടമയുടെ പേര് – ജിനു.ജി,എസ്,കുമാർ

വാർഡ് നമ്പർ - 7

കെട്ടിട നമ്പറുകൾ - 283, 284, 285, 286, 283/1

മേൽപ്പറഞ്ഞ വാണിജ്യാവശ്യത്തിനായുള്ള കെട്ടിടത്തിൽ 283/1 എന്ന നമ്പർ 76.83 ച.മീ (14.77 ച.മീ താഴത്തെ നില, 62.06 ച.മീ ഒന്നാം നില) എക്സ്റ്റൻഷൻ വർക്കിനായി അപേക്ഷ സമർപ്പിച്ചപ്പോൾ അനുവദിച്ചതാണ്. പൂർത്തിയാക്കിയ സൈറ്റ് പ്ലാനിൽ നിലവിലുള്ള കെട്ടിട നമ്പറുകളായ 283, 284, 285, 286 എന്നിവയുടെ ആകെ തറ വിസ്തീർണ്ണം 92.92 ച.മീ ആണ്. എന്നാൽ സഞ്ചയ സോഫ്റ്റ് വെയറിൽ മേൽപ്പറഞ്ഞ കെട്ടിടങ്ങളുടെ ആകെ തറ വിസ്തീർണ്ണം 58 ച.മീ ആണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം.7/10.08.2023 നുള്ള 11.08.2023 ലെ സെക്രട്ടറിയുടെ മറുപടിയിൽ യഥാർത്ഥ വിസ്തീർണ്ണം 92 ച.മീ ആണെന്നും സഞ്ചയ സോഫ്റ്റ് വെയറിൽ ആയത് തെറ്റായി 58 ച.മീ എന്ന് തെറ്റായി രേഖപ്പെടുത്തിയതാണെന്നും ഡാറ്റ പ്യൂരിഫിക്കേഷൻ ഓപ്പൺ ആകുന്ന സമയത്ത് വിസ്തീർണം കൃത്യമാക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. നിലവിൽ 58 ച.മീ വിസ്തീർണത്തിനുള്ള നികുതിയാണ് ഈടാക്കുന്നത്. സഞ്ചയ പരിശോധിച്ചതിൽ 2013 ഒന്നാം അർദ്ധ വർഷം മുതൽ കുറഞ്ഞ നികുതിയാണ് ഈടാക്കുന്നത് എന്ന് വ്യക്തമായിട്ടുണ്ട്. 15 വർഷമായി കെട്ടിടത്തിന് ഘടനാപരമായ യാതൊരു മാറ്റവുമില്ലെന്ന് സെക്രട്ടറി മറുപടിയിൽ അറിയിച്ചിട്ടുണ്ട്.ആയതിനാൽ സഞ്ചയ സോഫ്റ്റ് വെയറിൽ വിസ്തീർണം കൃത്യമാക്കുകയും 2013 ഒന്നാം അർദ്ധവർഷം മുതൽ നികുതി വർദ്ധിപ്പിച്ച് കുടിശ്ശിക ഈടാക്കേണ്ടതുമാണ്.

## 1-10-1 വസ്തു നികുതിനിർണയം-അപാകത

വാർഡ് നമ്പർ-17

കെട്ടിട നമ്പർ- 103/1

ഉടമസ്ഥന്റെ പേര്-ഷീജ.എസ്

ആകെ തറ വിസ്തീർണം-92 ച.മീ.(താഴത്തെ നില-73 ച.മീ,ഒന്നാം നില-19 ച.മീ)

അടിസ്ഥാന വസ്തു നികുതി-460 രൂപ

1.5 മീറ്ററോ അതിൽ കുറവോ ആയ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വസ്തു നികുതി ഇളവ്- 10%

മറ്റ് വസ്തു നികുതി ഇളവുകൾ - ഇല്ല

ആകെ ഇളവ് തുക -92 രൂപ

നിശ്ചയിച്ച വാർഷിക വസ്തു നികുതി- 368 രൂപ

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 6 പ്രകാരം ഒന്നര മീറ്ററോ അതിൽ കുറവോ നടപ്പാതയിൽ നിന്ന് പ്രവേശന മാർഗ്ഗമുള്ള കെട്ടിടങ്ങൾക്ക് 10% നികുതിയിളവുണ്ട്.5 മീറ്ററിൽ കുറവും ഒന്നര മീറ്ററിൽ കൂടുതലും വീതിയുള്ള വഴി സൗകര്യമുള്ള കെട്ടിടങ്ങൾക്ക് നികുതിയിളവിന് അർഹതയില്ല.എന്നാൽ മേൽ കെട്ടിടത്തിന്റെ പൂർത്തിയാക്കിയ സൈറ്റ് പ്ലാൻ അനുസരിച്ച് കെട്ടിടത്തിലേക്ക് 3.5 മീറ്റർ വീതിയുള്ള വഴി സൗകര്യമുണ്ടെങ്കിലും 1.5 മീറ്ററോ അതിൽ കുറവോ ആയ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള വസ്തു നികുതി ഇളവായ 10% അനുവദിച്ചിട്ടുണ്ട്.അർഹതയില്ലാത്ത നികുതിയിളവ് നൽകിയതിന് കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം നമ്പർ 6/10.08.23 നമ്പർ 11.08.23 ലെ സെക്രട്ടറിയുടെ മറുപടിയിൽ വഴി സൗകര്യത്തിന്റെ അടിസ്ഥാനത്തിൽ നൽകിയിരുന്ന 10% നികുതി ഇളവ് മാറ്റി അപാകത പരിഹരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയിട്ടുണ്ട്.സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ ഓഡിറ്റ് അന്വേഷണം നൽകിയതിന് ശേഷം നികുതി ഇളവ് ഒഴിവാക്കിയിട്ടുണ്ടെന്ന് വ്യക്തമായി.എന്നാൽ കെട്ടിടത്തിന് നികുതി നിശ്ചയിച്ച 2022 ഒന്നാം അർദ്ധ വർഷം മുതൽ നികുതി ഇളവ് ഒഴിവാക്കി നികുതി പുനർനിർണയിച്ച് കുടിശ്ശിക ഈടാക്കേണ്ടതാണ്.

## 1-10-2 വസ്തു നികുതി-ഡി.സി.ബി യിലും വാർഷിക ധനകാര്യ പത്രികയിലും വ്യത്യാസം നിലനിൽക്കുന്നു

2022-23 സാമ്പത്തിക വർഷത്തെ വസ്തു നികുതിയുടെ ഡി.സി.ബി പത്രികയിലെയും വാർഷിക ധനകാര്യ പത്രികയിലെയും ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ ചുവടെ ചേർക്കുന്നു.

| ഡി.സി.ബി പ്രകാരം | | | വാർഷിക ധനകാര്യ പത്രിക പ്രകാരം | | |
|---|---|---|---|---|---|
| ഡിമാന്റ് (രൂപ) | കളക്ഷൻ (രൂപ) | ബാലൻസ് (രൂപ) | ഡിമാന്റ് (രൂപ) | കളക്ഷൻ (രൂപ) | ബാലൻസ് (രൂപ) |
| 4605004 | 4605004 | ഇല്ല | 4509781 | 4496024 | 13757 |

മേൽപ്പറഞ്ഞ വ്യത്യാസം പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മൾട്ടി ഒക്കുപ്പൻസി കെട്ടിടങ്ങൾക്ക് Weighted FSI യും Average FSI യും പ്രത്യേകമായി കണക്കാക്കുന്നില്ല

കേരള പഞ്ചായത്ത് കെട്ടിട നിർമാണ ചട്ടങ്ങൾ 2019 ചട്ടം 27 പ്രകാരം മൾട്ടി ഒക്കുപ്പൻസി കെട്ടിടങ്ങൾക്ക് Weighted FSI യും Average FSI യും കണക്കാക്കി Average FSI, Weighted FSI യെക്കാൾ കുറവാണെന്നോ തുല്യമാണെന്നോ ഉറപ്പുവരുത്തണമെന്നും Average FSI, Weighted FSI യെക്കാൾ കൂടുതലാണെങ്കിൽ പിഴ ഈടാക്കണമെന്നും വ്യവസ്ഥചെയ്യുന്നു.എന്നാൽ കെട്ടിട പെർമിറ്റ് ഫയലുകൾ പരിശോധിച്ചതിൽ Weighted FSI യും Average FSI യും പ്രത്യേകമായി കണക്കാക്കുന്നില്ല എന്ന് വ്യക്തമായി. ഉദാഹരണം ചുവടെ ചേർക്കുന്നു.

ബിൽഡിംഗ് ഐഡി – 50298010018220

ഉടമയുടെ പേര് – പ്രശാന്ത്

വാർഡ് നമ്പർ - 7

കെട്ടിട നമ്പർ - 143/1

മേൽ കെട്ടിടം താഴത്തെ നില 109.96 ച.മീ പാർപ്പിടാവശ്യത്തിനുള്ളതും. ഒന്നാം നില 72.48 ച.മീറ്ററും രണ്ടാം നില 13.24 ച.മീറ്ററും വാണിജ്യാവശ്യത്തിനുള്ളതുമാണ്. കെട്ടിടത്തിന്റെ ഫയൽ പരിശോധനയിൽ Weighted FSI കണക്കാക്കാതെ ഓരോ ഒക്കുപ്പൻസിക്കും പ്രത്യേകമായി Average FSI കണക്കാക്കിയിരിക്കുന്നു. കെട്ടിടത്തിൽ Average FSI, Weighted FSI യെക്കാൾ കുറവായതിനാൽ പിഴ ഈടാക്കേണ്ട സാഹചര്യമില്ലെങ്കിലും ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുമ്പോൾ Weighted FSI മൾട്ടി ഒക്കുപ്പൻസി കെട്ടിടങ്ങൾക്ക് കണക്കാക്കുന്നുണ്ടോ എന്നത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണം.7/10.08.23 നമ്പർ 11.08.23 ലെ അസിസ്റ്റന്റ് എഞ്ചിനീയറുടെ മറുപടിയിൽ Weighted FSI, Average FSI യെക്കാൾ കൂടുന്ന പക്ഷം റിപ്പോർട്ടിൽ ഉൾപ്പെടുത്താറുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. Weighted FSI കണക്കാക്കാതെ Weighted FSI, Average FSI യെക്കാൾ കൂടുതലാകുമോ എന്ന് അറിയാൻ സാധിക്കാത്തതിനാൽ മറുപടി തൃപ്തികരമല്ല.ഭാവിയിൽ മൾട്ടി ഒക്കുപ്പൻസി കെട്ടിടങ്ങൾക്ക് Weighted FSI യും Average FSI യും പ്രത്യേകമായി കണക്കാക്കി ഫയലിൽ ഉൾപ്പെടുത്താൻ ശ്രദ്ധിക്കേണ്ടതും Average FSI, Weighted FSI യെക്കാൾ കൂടുതലാണെങ്കിൽ പിഴ ഈടാക്കേണ്ടതുമാണ്.

## 1-12 സേവന ഉപനികുതി

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 26,27 പ്രകാരം ഏതൊരു കെട്ടിടത്തിന്റെയും ഉടമസ്ഥനിൽ നിന്നും പ്രസ്തുത കെട്ടിടം സ്ഥിതി ചെയ്യുന്ന ഭൂമിയിലോ അതിന്റെ സമീപ പ്രദേശത്തോ ശുചിത്വ പരിപാലനം,ജല വിതരണം,തെരുവ് വിളക്കുകൾ,ഡ്രൈനേജ് തുടങ്ങിയ സേവനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിൽ ഗ്രാമ പഞ്ചായത്ത് നിശ്ചയിക്കുന്ന നിരക്കിൽ സേവന ഉപനികുതി ചുമത്താവുന്നതാണ്.വരുമാന വർദ്ധനവിലുപരിയായി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പാക്കാൻ സേവന ഉപനികുതി ചുമത്തുന്നതിലൂടെ സാധിക്കുന്നതാണ്.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം 8/10.08.23 നമ്പർ 11.08.23 ലെ സെക്രട്ടറിയുടെ മറുപടിയിൽ സേവന ഉപനികുതി ഏർപ്പെടുത്തിയിട്ടില്ലെന്നും ടി വസ്തുത പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്.സേവന ഉപനികുതി ചുമത്തുന്നതുമായി ബന്ധപ്പെട്ട വിഷയം പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്യേണ്ടതും നികുതി ഈടാക്കുന്നതിനുള്ള സാധ്യത പരിശോധിക്കേണ്ടതുമാണ്.

## 1-13 വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാര സ്ഥാപനങ്ങൾക്കും സംരഭ പ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ് നൽകൽ-അപാകത

2022-23 സാമ്പത്തിക വർഷത്തെ ട്രേഡേഴ്സ് ലിസ്റ്റ് പരിശോധിച്ചതിൽ ആകെ 408 സ്ഥാപനങ്ങളാണ് പഞ്ചായത്തിലുള്ളത്. ഈ സാമ്പത്തിക വർഷം ലൈസൻസ് രജിസ്റ്റർ പ്രകാരം 158 സ്ഥാപനങ്ങൾക്കാണ് ലൈസൻസ് നൽകിയിട്ടുള്ളത്. സഞ്ചയ സോഫ്റ്റ് വെയർ പ്രകാരം വാണിജ്യാവശ്യത്തിനുള്ള 100 ച.മീ തറവിസ്തീർണ്ണമുള്ള 1597 കെട്ടിടങ്ങളും 100 ച.മീ ന് മുകളിൽ തറവിസ്തീർണ്ണമുള്ള 191 കെട്ടിടങ്ങളും 200 ച.മീ വരെ തറവിസ്തീർണ്ണമുള്ള 1 കെട്ടിടവും 200 ച.മീ ന് മുകളിൽ തറവിസ്തീർണ്ണമുള്ള 9 കെട്ടിടങ്ങളും ബങ്കുകൾ പെട്ടിക്കടകൾ എന്നിവ 79 എണ്ണവും ഓഫീസ് ആവശ്യത്തിനുള്ള കെട്ടിടങ്ങൾ 41 എണ്ണവും അസംബ്ലി കെട്ടിടം, കൺവെൻഷൻ സെന്റർ എന്നിവ 34 എണ്ണവും കൈത്തറി ഷെഡ് 22 എണ്ണവും ഇതര വ്യവസായങ്ങൾക്കുള്ള കെട്ടിടങ്ങൾ 55 എണ്ണവും മൊബൈൽ ടെലിഫോൺ ടവർ 6 എണ്ണവും അമ്യൂസ്മെന്റ് പാർക്ക് 3 എണ്ണവും പഞ്ചായത്തിലുണ്ട്. ലൈസൻസ് നൽകിയ സ്ഥാപനങ്ങളേക്കാൾ വളരെയധികം സ്ഥാപനങ്ങൾ നിലവിലുള്ളതായി കാണുന്നതിനാൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നുണ്ടോ എന്ന് ഈ വിഷയവുമായി നൽകിയ ഓഡിറ്റ് അന്വേഷണം നം.11/15.08.23 മുഖേന ആരാഞ്ഞു. സെക്രട്ടറിയുടെ മറുപടിയിൽ പഞ്ചായത്ത് പരിധിയിൽ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ സന്ദർശിച്ച് നോട്ടീസ് നൽകുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ച് വരുന്നതായി അറിയിച്ചിട്ടുണ്ട്. എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ലൈസൻസ് ലഭിക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിക്കേണ്ടതുമാണ്.

## 1-14 സ്ത്രീ പദവി പാഠനം-പെൺ അടയാളങ്ങൾ പദ്ധതി-രേഖകൾ ലഭ്യമാക്കിയില്ല.ചെലവഴിച്ച 16283/- രൂപ തടസ്സപ്പെടുത്തുന്നു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | S0186/22-23 | |
| പേര് | സ്ത്രീ പദവി പാഠനം-പെൺ അടയാളങ്ങൾ | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്, പൊതു വിഭാഗം സാധാരണ വിഹിതം | 47500 | 16283 |
| ആകെ | 47500 | 16283 |
| ബിൽ നമ്പർ | 51/18.03.23,40/17.01.23 | |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | |

പ്രൊജക്ട് രൂപീകരണ ഫോം പരിശോധിച്ചതിൽ ലിംഗപദവി സൗഹൃദമാക്കുന്നതിനും സ്ത്രീകളുടെ അവസ്ഥയും പ്രശ്നങ്ങളും ആവശ്യങ്ങളും മനസ്സിലാക്കി അവരെ സമൂഹത്തിന്റെ മുന്നിലെത്തിക്കുകയുമാണ് പ്രൊജക്ടിന്റെ ലക്ഷ്യം. പദ്ധതിയുമായി ബന്ധപ്പെട്ട പദ്ധതി ലക്ഷ്യം കൈവരിച്ചോ എന്നത് സംബന്ധിച്ച മോണിട്ടറിംഗ് സമിതി റിപ്പോർട്ട് ഉൾപ്പെടെയുള്ള

രേഖകളൊന്നും തന്നെ ഫയലിൽ ലഭ്യമല്ല. പ്രൊജക്ടിൽ സ്ത്രീ പദവി പഠനം സംബന്ധിച്ച സർവെ നടത്തുന്നതിലേക്കായി രണ്ട് എന്യൂമറേറ്റർമാരെ നിയമിച്ചിട്ടുണ്ട്. എന്യൂമറേറ്റർമാരുടെ ശമ്പളമാണ് പദ്ധതിയുടെ ആകെ ചെലവ്.ഭരണ സമിതി തീരുമാനമില്ലാതെയാണ് എന്യൂമറേറ്റർമാരെ നിയമിച്ചത്. ഈ വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണം നം. 22/16.08.23 നമ്പർ 17.08.23 ലെ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ മറുപടിയിൽ എന്യൂമറേറ്റർമാരെ നിയമിച്ചത് പഞ്ചായത്ത് പ്രസിഡന്റിന്റെ ചേമ്പറിൽ നടന്ന യോഗത്തിലാണെന്നും പദ്ധതിയുമായി ബന്ധപ്പെട്ട രേഖകളൊന്നും തന്നെ ലഭ്യമല്ലെന്നും ആയത് ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ പക്കലാണെന്നും ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ നിർദ്ദേശപ്രകാരമാണ് പദ്ധതി നടപ്പാക്കിയതെന്നും വ്യക്തമാക്കിയിട്ടുണ്ട്. പഞ്ചായത്ത് തലത്തിലുള്ള സ്ത്രീ പദവി പഠന റിപ്പോർട്ട് ജില്ലാ വനിതാ ശിശു വികസന ഓഫീസർ പ്രസിദ്ധീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും നാളിതുവരെ റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടില്ലെന്നും മറുപടിയിൽ അറിയിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവത്സര പദ്ധതിയുമായി ബന്ധപ്പട്ട സർക്കാരിന്റെ പദ്ധതി, സബ്സിഡി മാർഗരേഖകൾക്ക് വിരുദ്ധമായി ജില്ലാ വനിതാ ശിശു വികസന ഓഫീസറുടെ നിർദ്ദേശാനുസരണമാണ് പദ്ധതി നടപ്പാക്കിയത്. ആയതിനാൽ പദ്ധതിക്കായി ചെലവ് ചെയ്ത 16,283/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-14-1 ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 115/22-23 | |
| പേര് | അങ്കണവാടികളിൽ അനുപൂരക പോഷകാഹാര പദ്ധതി | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്, പൊതുവിഭാഗം സാധാരണ വിഹിതം | 1500000 | 1500000 |
| കേന്ദ്രാവിഷ്കൃത ഫണ്ട് | 1500000 | 1144748 |
| ആകെ | 3000000 | 2644748 |
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | |

മേൽ പദ്ധതിയുടെ ഭാഗമായി ജനറൽ കാറ്റഗറിയിൽപെട്ട 136 കൗമാരക്കാരായ പെൺകുട്ടികൾക്ക് പോഷകാഹാര കിറ്റ് ലഭ്യമാക്കിയിട്ടുണ്ട്. ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുത്തത്. പെൺകുട്ടികളെ തെരഞ്ഞെടുക്കാൻ സ്വീകരിച്ച മാനദണ്ഡം സംബന്ധിച്ച വിശദമായ റിപ്പോർട്ട് ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം.20/16.08.23 നമ്പർ ഐ.സി.ഡി.എസ് സൂപ്പർവൈസറുടെ മറുപടിയിൽ വനിതാ ശിശു വികസന വകുപ്പിന്റെ നിർദ്ദേശാനുസരണം Body Mass Index കണക്കാക്കി ബി.പി.എൽ കുടുംബത്തിൽ പെട്ട കുട്ടികളെ തെരഞ്ഞെടുത്തു എന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. ഭരണ സമിതി അംഗീകരിച്ച ഗുണഭോക്തൃലിസ്റ്റ് ഇല്ലാതെ ഗുണഭോക്താക്കളെ തെരഞ്ഞെടുത്ത് ആനുകൂല്യം നൽകിയതിന് വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-15 പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ് -ഏൺഡ് ലീവ് കണക്കാക്കാതെ സറണ്ടർ തുക അനുവദിച്ചു-126013/- രൂപ തടസ്സപ്പെടുത്തുന്നു.

25.02.2023 ലെ GO(P) No.20/2023/Fin ഉത്തരവ് പ്രകാരം 2022-23 സാമ്പത്തിക വർഷം NREGS കരാർ ജീവനക്കാർക്ക് പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ് അനുവദിച്ചിട്ടുണ്ട് (വൗച്ചർ നമ്പർ 22201456/31.03.2023) വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | ജീവനക്കാരന്റെ പേര് | തസ്തിക | സറണ്ടർ ചെയ്ത ലീവുകളുടെ എണ്ണം | തുക (രൂപ) |
|---|---|---|---|---|
| 1 | ഡി.രവീന്ദ്രൻ നായർ | അക്രഡിറ്റഡ് എൻജിനീയർ | 30 | 31460 |
| 2 | ലക്ഷ്മി.ജി | ഓവർസിയർ | 30 | 24040 |
| 3 | ലൈല.എസ് | ഓവർസിയർ | 30 | 24040 |
| 4 | ആശ.എ.എം | അക്കൗണ്ടന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ | 30 | 24040 |
| 5 | അമിത | അക്കൗണ്ടന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ | 15 | 12020 |
| 6 | ജാൻസി | അക്കൗണ്ടന്റ് കം ഡാറ്റ എൻട്രി ഓപ്പറേറ്റർ | 13 | 10413 |
| | | ആകെ | | 126013 |

മേൽപ്പറഞ്ഞ കരാർ ജീവനക്കാരുടെ സേവന പുസ്തകം പരിശോധിച്ചതിൽ ക്രമ നമ്പർ 1 മുതൽ 4 വരെയുള്ള ജീവനക്കാർക്ക് ഏൺഡ് ലീവ് നാളിതുവരെ കണക്കാക്കിയിട്ടില്ല. ക്രമ നമ്പർ 5, 6 ലെ ജീവനക്കാരുടെ സേവനപുസ്തകം ലഭ്യമാക്കിയിട്ടില്ല. സറണ്ടർ ചെയ്ത ആർജിതാവധി കണക്കാക്കിയതുമായി ബന്ധപ്പെട്ട രേഖകളൊന്നും ലഭ്യമല്ല. ഈ സാഹചര്യത്തിൽ പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ് എങ്ങനെ അനുവദിച്ചു എന്നത് സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം.29/17.08.23 ന് മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ NREGS കരാർ ജീവനക്കാർക്ക് പീരിയോഡിക്കൽ സറണ്ടർ ഓഫ് ഏൺഡ് ലീവ് അനുവദിക്കുന്നതിനായി ചെലവാക്കിയ 126013/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-16 അങ്കണവാടി കുട്ടികളുടെ കുട്ടികളുടെ കലാ കായിക മേള -പദ്ധതി നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും അധിക ചെലവ് ചെയ്തു

ഐ.സി.ഡി.എസ്. സൂപ്പർവൈസർ നിർവ്വഹണം നടത്തിയ പ്രൊജക്ട് നമ്പർ 173-അങ്കണവാടി കുട്ടികളുടെ കുട്ടികളുടെ കലാ കായിക മേളക്കായി വികസന ഫണ്ടിൽ (പൊതു വിഭാഗം) 15000/- രൂപ അടങ്കൽ തുക വകയിരുത്തി പദ്ധതി നടപ്പാക്കുകയും 15000/- രൂപ ചെലവ് ചെയ്യുകയും ചെയ്ത ശേഷം 15000/- രൂപ തനത് ഫണ്ടിൽ നിന്നും അധിക ചെലവ് ചെയ്തിട്ടുണ്ട്. വിശദ വിവരം ഖണ്ഡിക 3.2 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-17 ജാഗ്രതാ സമിതി -പ്രവർത്തനം

| | | |
|---|---|---|
| പ്രോജക്ട് നമ്പർ | 164/22-23 | |
| പേര് | ജ്വാല-കമ്മ്യൂണിറ്റി വനിത ഫെസിലിറ്റേറ്റർ ആന്റ് ജാഗ്രതാ സമിതി-പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക | |
| ഫണ്ട് | അടങ്കൽ | ചെലവ് |
| വികസന ഫണ്ട്, പൊതു വിഭാഗം സാധാരണ വിഹിതം | 238500 | 59174 |
| ആകെ | 238500 | 59174 |

മേൽ പദ്ധതിയിൽ 17000/- രൂപ പ്രതിമാസ വേതനത്തിൽ വനിത ഫെസിലിറ്റേറ്ററെ നിയമിച്ചിട്ടുണ്ട്. ജാഗ്രതാ സമിതിയുടെ മിനുട്ട്സ് പരിശോധിച്ചതിൽ 2022-23 സാമ്പത്തിക വർഷം ആകെ 2 തവണ മാത്രമാണ് യോഗം ചേർന്നതെന്ന് വ്യക്തമായിട്ടുണ്ട്. (14.11.2022, 04.01.2023 തീയതികളിൽ) സർക്കാരിന്റെ 23.06.2007 ലെ സ.ഉ(എം.എസ്) നം.31/2007 /സ.ക്ഷേ.വ ഉത്തരവ് പ്രകാരമുള്ള മാർഗരേഖയിൽ ജാഗ്രതാ സമിതി യോഗങ്ങൾ മാസത്തിൽ കുറഞ്ഞത് ഒരു തവണയെങ്കിലും വിളിച്ച് കൂട്ടേണ്ടതാണെന്ന് വ്യവസ്ഥ ചെയ്യുന്നു. ഓഡിറ്റ് അന്വേഷണം.21/16.08.23 നമ്പർ 17.08.23 ലെ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ മറുപടിയിൽ വാർഡ് തല ജാഗ്രതാ സമിതികളിൽ പരാതികൾ ലഭിച്ചാൽ മാത്രമേ പഞ്ചായത്ത് തല ജാഗ്രതാ സമിതി യോഗം ചേരാറുള്ളൂ എന്ന് അറിയിച്ചിട്ടുണ്ട്. ഫെസിലിറ്റേറ്ററെ നിയമിച്ച ശേഷവും സർക്കാർ ഉത്തരവ് പ്രകാരം ജാഗ്രതാ സമിതി യോഗങ്ങൾ എല്ലാ മാസവും കൃത്യമായി സംഘടിപ്പിച്ചിട്ടില്ല. ജാഗ്രതാ സമിതിയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 ജി.എസ്.ടി ഇനത്തിലെ തുക ഒടുക്കുവരുത്തിയതിലെ അപാകതകൾ .

(എ) തുക അടവാക്കിയതിന്റെ രേഖകൾ /കൈപ്പറ്റ് രസീത് ലഭ്യമല്ല

CGST, CGST TDS എന്നയിനങ്ങളിലെ തുകകൾ അടവാക്കിയതിന്റെ വൗച്ചറുകൾ പരിശോധിച്ചതിൽ ചുവടെ ചേർക്കും പ്രകാരം 12,802/- രൂപ തനത് ഫണ്ടിൽ നിന്നും

പിൻവലിച്ചിട്ടുണ്ടെങ്കിലും ഉക ബന്ധപ്പെട്ട ശീർഷകങ്ങളിൽ ഒടുക്കിയതിന്റെ രേഖകളോ, ബാങ്കിൽ നിന്നുള്ള കൈപ്പറ്റ് രസീതോ ബന്ധപ്പെട്ട് വൌച്ചറിനൊപ്പം ഉള്ളടക്കം ചെയ്തിട്ടില്ല (ILGMS ലോഗിൻ മുഖേനയുള്ള പരിശോധയിൽ പേയ്മെന്റ് വൌച്ചറിനൊപ്പമുള്ള File Extract Details ൽ). വിശദാംശം ചുവടെ ചേർക്കുന്നു.

| വൗച്ചർ നം., തീയതി | ചെലവിനം | തുക | ചെക്ക് നം., തീയതി |
|---|---|---|---|
| 22200024/21.04.22 | Recoveries Payable CGST | 4597/- | 490100/18.04.22 |
| 22200022/21.04.22 | Recoveries Payable TDS CGST | 8205/- | |

രേഖകൾ ഹാജരാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 23/16.08.2023) ലഭ്യമാക്കിയ മറുപടിയിൽ മതിയായ രേഖകൾ ഉൾപ്പെടുത്തിയിരുന്നില്ല. തുക ബാങ്കിൽ ഒടുക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്.

(ബി) റിട്ടേണുകൾ ഫയൽ ചെയ്തതിന്റെ രേഖകൾ ലഭ്യമാക്കിയില്ല

ധനകാര്യപത്രിക (ആർ പി 35) പ്രകാരം GST, GST TDS എന്നയിനങ്ങളിൽ 2022-23 വർഷം അടവാക്കിയ തുകയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഇനം (Recoveries Payable) | തുക |
|---|---|
| സി.ജി.എസ്.ടി | 9486 |
| എസ് ജി എസ് ടി | 9486 |
| ടി ഡി എസ് സി.ജി.എസ്.ടി | 26215 |
| ടി ഡി എസ് എസ് ജി എസ് ടി | 26215 |

സർക്കുലർ നം 18/2019/ധന തീയതി 01.03.2019 (ഇൻഡസ്ട്രീസ് ആന്റ് പബ്ലിക് വർക്സ്-ബി) ഡിപ്പാർട്ട്മെന്റ് പ്രകാരം ജി.എസ്.ടി ആക്ടിൽ പരാമർശിച്ചിരിക്കുന്ന നികുതികൾ, കിഴിവുവരുത്തിയമാസം അവസാനിച്ച് നിശ്ചിതസമയപരിധിക്കകം സർക്കാരിലേയ്ക്ക് അടയ്ക്കേണ്ടതും യഥാസമയം റിട്ടേണുകൾ ഫയൽ ചെയ്യേണ്ടതുമാണ്. അടവാക്കിയ തുകയുടെ കൃത്യത പരിശോധിക്കുന്നതിന്, ഇപ്രകാരം റിട്ടേണുകൾ ഫയൽ ചെയ്തതിന്റെ 2022-23 വർഷത്തെ സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ലഭ്യമാക്കാനാവശ്യപ്പെട്ടിരുന്നുവെങ്കിലും (ഓഡിറ്റ് അന്വേഷണം നം 23/16.08.2023) ഹാജരാക്കിയിട്ടില്ല.

2022-23 സാമ്പത്തിക വർഷത്തെ ജി.എസ്.ടി, ജി.എസ്.ടി ടിഡിഎസ് എന്നീയിനങ്ങളിൽ റിട്ടേണുകൾ ഫയൽ ചെയ്തതിന്റെ സ്റ്റേറ്റ്മെന്റുകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-19 ബാങ്ക് അക്കൗണ്ടിന്റെ വിശദാംശങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല

MGNREGS പേയ്മെന്റുകളിലെ ടാക്സ് മുതലായ ഡിഡക്ഷനുകൾ ക്രഡിറ്റ് ചെയ്യുന്നതിന് ഒരു പലിശരഹിത ഹോൾഡിംഗ് അക്കൗണ്ട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ പേരിൽ എസ്.ബി.ഐ യിൽ ആരംഭിക്കണമെന്ന് നിർദ്ദേശം ഉണ്ടായിരുന്നതിനാൽ (MGNREGS ജോയിന്റ് പ്രോഗ്രാം കോ-ഓർഡിനേറ്ററുടെ എ3/1269/2022/MGNREGS തീയതി 07.01.2023 നമ്പർ കത്ത്) കാരോട് ഗ്രാമപഞ്ചായത്തിൽ SBI പൊഴിയൂർ ശാഖയിൽ 41601123118 നമ്പരായി പുതിയ അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്. 31.03.2023 ലെ നീക്കിയിരിപ്പായി 49,719/- രൂപയുണ്ട്. പ്രസ്തുത അക്കൗണ്ടിന്റെ വിവരങ്ങൾ ധനകാര്യപത്രികയിൽ ഉൾപ്പെടുത്തിയിട്ടില്ല.

മെറ്റീരിയൽ വർക്കുകളിലെ കരാറുകാരുടെ പക്കൽ നിന്നും ടി.ഡി.എസ് ഇനങ്ങളിൽ കറവുചെയ്ത തുകകളാണ് പ്രസ്തുത അക്കൗണ്ടിൽ വരവായി ലഭിച്ചിരിക്കുന്നത് (എൻ ആർ.ഇ.ജി.എസ് സെക്ഷനിൽ നിന്നും ഹാജരാക്കിയ രജിസ്റ്റർ പ്രകാരം). ജി.എസ്.ടി/സി.ജി.എസ്.ടി ആക്ട് പ്രകാരം നികുതിയിനത്തിൽ കറവുചെയ്യുന്ന തുകകൾ യഥാസമയം സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തി റിട്ടേണുകൾ ഫയൽ ചെയ്യേണ്ടതുണ്ട്. എന്നാൽ മേൽ പരാമർശിച്ച അക്കൗണ്ടിലെ വരവ് തുകകൾ നാളിതുവരെ സർക്കാരിലേയ്ക്ക് ഒടുക്കുവരുത്തിയിട്ടില്ല (11.08.2023 ലെ നീക്കിയിരിപ്പ് 130902/- രൂപ).

അപാകതകൾക്ക് വ്യക്തത ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 17/11.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല.

അപാകതകൾ പരിഹരിച്ച് റിപ്പോർട്ട് ലഭ്യമാക്കേണ്ടതാണ്.

## 1-20 MGNREGS - റോഡ് പ്രവർത്തികളിൽ സിമന്റിന് മാർക്കറ്റ് നിരക്കിനേക്കാൾ കൂടുതൽ തുക അനുവദിച്ചു- (81,504/- രൂപ)

MGNREGS പ്രവൃത്തികളിൽ സിമന്റിന് SECURE Software ൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ് നിരക്ക് നൽകാൻ പാടില്ലെന്നും യഥാർത്ഥ മാർക്കറ്റ് വിലമാത്രമേ നൽകാവൂ എന്നും, ഈ മാനദണ്ഡങ്ങൾക്ക് വിധേയമായി മാത്രമേ FTO ജനറേറ്റ് ചെയ്യാൻ പാടുള്ളൂവെന്നും ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022 ലെ OMB/ALP/AW/20/2022നമ്പർ ഉത്തരവിലൂടെ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. സിമന്റ് ഒരു പാക്കേജ്ഡ് കമ്മോഡിറ്റി എന്ന നിലയിൽ പാക്കറ്റിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി വിലയേക്കാൾ കൂടുതൽ നൽകി വാങ്ങാൻ നിയമം അനുവദിക്കുന്നില്ല . എൻ.ആർ.ഇ.ജി.എസ് ജോയിന്റ് പ്രോഗ്രാം കോ ഓർഡിനേറ്ററുടെ 18.08.2022 ലെ കത്ത് പ്രകാരം (ഫയൽ നം-NREGA/724/2022-A3) മേൽ നിർദ്ദേശങ്ങൾ പാലിക്കാൻ ഉത്തരവിട്ടിട്ടുള്ളതുമാണ്. എന്നാൽ പ്രസ്തുത നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ബില്ലിൽ അധികമായി തുക നൽകിയിരിക്കുന്നു.വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രവർത്തിയുടെ പേര്, കരാറുകാരൻ | 2022-23 ലെ ആകെ ചെലവു തുക | മെറ്റീരിയൽ ചെലവ് (Skilled ഉൾപ്പെടെ) ബിൽ നം., തീയതി | സിമന്റിന് ബിൽ പ്രകാരം നൽകിയ തുക | ബിൽ പ്രകാരം ഒരു പാക്കറ്റിന്റെ നിരക്ക് (50കി.ഗ്രാം, 1 പാക്കറ്റ് ) | ഉപയോഗിച്ച സിമന്റിന് നൽകാവുന്ന തുക | അധികം നൽകിയ തുക |
|---|---|---|---|---|---|---|
| കൈതപിടിച്ച വിളാകം നടപ്പാത രാജരത്നം കെ, ലിബിൻ നിവാസ് അയിര | 279850.65 | 246262.65, 453/30.03.23 | 9.544418MT@ 11520 109948.95 | 350/- | Rs 66808/- (9.544MT@7000) | 43,141/- |
| മേലേപുല്ലുവിള നടപ്പാത കോൺക്രീറ്റ്, രാജരത്നം കെ | 228730.70 | 196386.7 494/30.03.23 | 8.800 MT @8600/MT Rs 75680/- | 380/- | Rs 66880/- (8.800 MT@7600/-) | 8,800/- |
| പനയറക്കാല മുതൽ തൈവിളാകം നടപ്പാത രാജരത്നം കെ | 197875.3 | 165531.3 493/30.03.23 | 6.54048MT @11520/MT 75346.34 | 350/- | Rs 45783/- (6.54048MT@7000) | 29,563/- |
| ആകെ | | | | | | 81,504/- |

(കുറിപ്പ് - ഫയലിൽ ഉൾപ്പെടുത്തിയിരുന്ന സിമന്റ് വാങ്ങിയതിന്റെ ബില്ലുകളിൽ നൽകിയ ബ്രാൻഡിന്റെ പേര് ഉണ്ടായിരുന്നില്ല.) നിർദ്ദേശങ്ങൾ പാലിക്കാതെ ഇത്തരത്തിൽ മാർക്കറ്റ് നിരക്കിനേക്കാൾ കൂടുതൽ തുക നൽകാനുണ്ടായ കാരണം വിശദമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 33/17.08.2023) ലഭ്യമാക്കിയ മറുപടി ഇപ്രകാരമാണ്. "ജെ.പി.സി യുടെ ഉത്തരവ് മാസങ്ങൾക്ക് ശേഷമാണ് പഞ്ചായത്തിൽ ലഭിച്ചതെന്നും ഹാജരാക്കുന്ന സിമന്റിന്റെ ബില്ലുകൾ സിമന്റ് കടയിലെ വിലയാണ്. ലോറിവാടക, കയറ്റിറക്കുകൂലി, റോഡിൽ നിന്നും നിന്നും സൈറ്റിലെത്തിക്കുന്ന കൂലി എന്നിവ ഇതിന് പുറമെ കരാറുകാരന് നൽകേണ്ടതാണ്. "പ്രസ്തുത ചെലവുകൾ എല്ലാം

ഉൾപ്പെടെയാണ് ഐറ്റം നമ്പർ 4.18 ൽ സിമന്റ് കോൺക്രീറ്റ് എന്ന ഇനത്തിന്റെ നിരക്ക് നിശ്ചയിച്ചിട്ടുള്ളത് എന്നതിനാൽ മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല.

അധികമായി നൽകിയ തുക 81504/-രൂപ കരാറുകാരനിൽ നിന്നോ, അതിന് സാധിക്കാത്ത പക്ഷം അസിസ്റ്റന്റ് എഞ്ചിനീയർ (എൻ ആർ ഇ ജി എസ്), അസിസ്റ്റന്റ് സെക്രട്ടറി, സെക്രട്ടറി എന്നിവരിൽ നിന്നും തുല്യമായോ ഈടാക്കേണ്ടതാണ്.

## 1-21 ഗെയിം ഫെസ്റ്റ് കായിക വികസനം- അപാകതകൾ

പ്രോജക്റ്റിന്റെ പേര് -ഗെയിം ഫെസ്റ്റ് കായിക വികസനം
പ്രോജക്റ്റ് നമ്പർ – 162/23

നിർവഹണ ഉദ്യോഗസ്ഥ – അസിസ്റ്റന്റ് സെക്രട്ടറി

അടങ്കൽ - 120000/- (പൊതുവിഭാഗം (സാ.ധാ)

ചെലവ് - 99269/- (ബിൽ നം. 205/21.12.22 Rs 60000/-

ബിൽ നം. 163/11.11.22 Rs 20000/-

ബിൽ നം. 165/14.11.22 Rs 19269/-)

പ്രോജക്റ്റ് രൂപീകരണ ഫോറം പ്രകാരം കായിക പരിശീലനവും പഞ്ചായത്ത് തല ടീം സജ്ജമാക്കലിനുമാണ് പ്രോജക്റ്റ് ആവിഷ്കരിച്ചിരിക്കുന്നത്. നിർവഹണം സംബന്ധിച്ച ഫയൽ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

. സബ്സിഡി മാർഗരേഖ ജി.ഒ.(കൈ) 115/2022 തസ്വഭവ 28.05.22 പ്രകാരം ഓരോ ഇനം ഗെയിമിന്റെയും പഞ്ചായത്ത് തല ടീം രൂപീകരണ സെലക്ഷൻ ട്രയൽസും ചാമ്പ്യൻഷിപ്പും സംഘടിപ്പിക്കുന്നതിനും, തെരഞ്ഞെടുക്കപ്പെടുന്ന ടീമിന് ഒരുമാസത്തെ പരിശീലനം സംഘടിപ്പിക്കുന്നതിനും, ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റും, യൂണിഫോമും കാഷ് അവാർഡും നൽകുന്നതിനും, ടീം അംഗങ്ങളുടെ റിഫ്രഷ്മെന്റ്, ട്രെയിനറുടെ പ്രതിഫലം, എന്നിവ നൽകുന്നതിനുമായിട്ടാണ് ഗെയിമിന് 30,000/- രൂപ വകയിരുത്തിയിട്ടുള്ളത്. പ്രോജക്റ്റ് പ്രകാരം ആകെ 99269/- രൂപ ചെലവഴിച്ചു. എന്നാൽ ഏതൊക്കെ ഇനങ്ങളിൽ മത്സരം നടത്തിയിട്ടുണ്ടെന്നോ, ഏതൊക്കെ ടീമുകളെ തെരഞ്ഞെടുത്തിട്ടുണ്ടെന്നോ, ടീം അംഗങ്ങൾക്ക് സർട്ടിഫിക്കറ്റ്, കാഷ് അവാർഡ്, ട്രോഫി എന്നിവ നൽകുകയോ ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമല്ല.

പ്രോജക്റ്റിനോടൊപ്പം ലഭ്യമാക്കിയിരിക്കുന്ന ബില്ലുകൾ മുഴുവൻ ഭക്ഷണം, മെഡിക്കൽ ഉപകരണങ്ങൾ വാങ്ങൽ, ട്രെയിനറുടെ പ്രതിഫലം, സ്പോർട്സ് ഉപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായാണ് ചെലവഴിച്ചിരിക്കുന്നത്. ബ്ലോക്ക് തല ഗെയിംസ് ഫെസ്റ്റിവൽ നടത്തുന്നതിലേക്കായി മത്സരാർത്ഥികളുടെ പട്ടിക 2022 നവംബർ 5 ന് മുൻപ് പാറശ്ശാല ബ്ലോക്ക് ഓഫീസിൽ എത്തിക്കുന്നതിന് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (BP1/1748/2022/PSLA) ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് നൽകിയതിന്റെ വിവരങ്ങളും ലഭ്യമല്ല. ഓരോയിനത്തിലും വിജയികളായവരുടെ പേര്, ടീം, സെലക്ഷൻ ട്രയൽസ് നടത്തിയതിന്റെ രേഖകൾ എന്നിവ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. മത്സരത്തിൽ പങ്കെടുത്തവർ ബ്ലോക്ക് തലത്തിൽ സംഘടിപ്പിച്ച മത്സരങ്ങളിൽ പങ്കെടുത്തിട്ടുണ്ടോ, ടീം അംഗങ്ങൾക്ക് പാർട്ടിസിപ്പേഷൻ സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ടോ തുടങ്ങിയ വിവരങ്ങളൊന്നും തന്നെ ലഭ്യമല്ല.

. വിവിധ ബില്ലുകളിലായി ഭക്ഷണചെലവിനത്തിൽ മാത്രം 29,992/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഗെയിംസിൽ എത്രപേർ പങ്കെടുത്തുവെന്നതിന്റെ ഹാജർ ഉൾപ്പെടെയുള്ള രേഖകളൊന്നും ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല.

. മോണിറ്ററിംഗ് റിപ്പോർട്ട് ഉൾപ്പെടുത്തിയിട്ടില്ല.

വിശദാംശങ്ങൾ ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 16/11.08.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. അപാകതകൾക്ക് രേഖകൾ സഹിതം മറുപടി ലഭ്യമാക്കേണ്ടതാണ്.

## 1-22 പാഥേയം (ജനറൽ) വിനിയോഗ സാക്ഷ്യപത്രം ലഭ്യമായില്ല- 9,49,312/- രൂപ തടസ്സപ്പെടുത്തുന്നു

അസിസ്റ്റന്റ് സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥയായി നടപ്പിലാക്കിയ പാഥേയം (ജനറൽ), പാഥേയം (എസ് സി പി) എന്നീ പ്രോജക്റ്റുകളുടെ നടത്തിപ്പിനായി ജില്ലാപഞ്ചായത്തിന്, ഗ്രാമപഞ്ചായത്ത് വിഹിതമിനത്തിലെ തുക നൽകിയിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| പ്രോജക്റ്റ് നം., പേര് | അടങ്കൽ | ചെലവ് |
|---|---|---|
| 153/23, പാഥേയം ജനറൽ | 617344 (വി.ഫ.ജനറൽ) | 617344 (ACR ബിൽ നം 221/04.01.23) |
| 155/23, പാഥേയം എസ് സി | 33196 (വി.ഫ എസ് സി പി) | 331968 (ACRബിൽ നം 220/04.01.23) |
| ആകെ | | 9,49,312/- രൂപ |

വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കുന്നതുവരെ ചെലവുതുക 9,49,312/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-23 മിനിമാസ്റ്റ് ലൈറ്റുകൾ - കുറഞ്ഞ ടെണ്ടർ നൽകിയ സ്ഥാപനത്തിനെ ഒഴിവാക്കി നടപടിക്രമങ്ങൾ പാലിക്കാതെ നിർവഹണം നടത്തി - 1492450/-രൂപ തടസ്സപ്പെടുത്തുന്നു.

2022-23-ലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥരായി വിവിധ പ്രോജക്റ്റുകൾ പ്രകാരം വികസന ഫണ്ട് (എസ്.സി.പി) വകയിരുത്തി പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിൽ മിനിമാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് 13 പ്രോജക്റ്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്റ്റുകളുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്റ്റ് | ഫണ്ട്, നിർവഹണ ഉദ്യോഗസ്ഥൻ | ചെലവഴിച്ച തുക |
|---|---|---|---|
| 1 | ഇടച്ചിറ കിഴക്കേക്കര അംബദ്ക്കർ കോളനി- മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ, 321/23 | വികസന ഫണ്ട് (എസ് സി പി) അസിസ്റ്റന്റ് സെക്രട്ടറി | 98950 |
| 2 | ചെറുകഴിക്കര കോളനി മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ 322/23 | | 98950 |
| 3 | കോണത്തുവിള മിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽ വാർഡ്-1, 187/23 | | 109940 |
| 4 | പുന്നരത്തല മിനിഹൈമാസ്റ്റ് തെരുവുവിളക്ക് സ്ഥാപിക്കൽ വാർഡ് 8, 197/23 | | 109940 |
| 5 | വെട്ടുകാട് മിനിഹൈമാസ്റ്റ് തെരുവുവിളക്ക് സ്ഥാപിക്കൽ വാർഡ് 15, 201/23 | | 109940 |
| 6 | കരയ്ക്കാവിള മിനിഹൈമാസ്റ്റ് തെരുവുവിളക്ക് സ്ഥാപിക്കൽ വാർഡ് 19, 202/23 | | 109940 |
| 7 | വെമ്പിൻകടി മിനിഹൈമാസ്റ്റ് തെരുവുവിളക്ക് സ്ഥാപിക്കൽ വാർഡ് 19, 204/23 | | 109940 |
| 8 | വെട്ടുവിള കോളനി മിനിഹൈമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽവാർഡ് 2. 194/2023 | | 109940 |
| 9 | ആയിരതരിശുമിനിമാസ്റ്റ് ലൈറ്റ് സ്ഥാപിക്കൽവാർഡ് 6, 195/23 | | 126982 |
| 10 | അമ്പലത്തുവിള മിനിഹൈമാസ്റ്റ് തെരുവുവിളക്ക് സ്ഥാപിക്കൽ വാർഡ് 7,196/23 | | 126982 |

| | | | |
|---|---|---|---|
| 11 | വെന്മാനിക്കോണം മിനിഹൈമാസ്റ്റ് തെരുവുവിളക്ക് സ്ഥാപിക്കൽവാർഡ് 9, 198/23 | | 126982 |
| 12 | ചോവ്വരപൊറ്റ മിനിഹൈമാസ്റ്റ് തെരുവുവിളക്ക് സ്ഥാപിക്കൽവാർഡ് 10, 199/23 | | 126982 |
| 13 | കല്ലി IHDP കോളനി മിനിഹൈമാസ്റ്റ് തെരുവുവിളക്ക് സ്ഥാപിക്കൽ വാർഡ് 14, 200/23 | | 126982 |
| | ആകെ | | 1492450 |

ഇലക്ട്രോ മെക്കാനിക്കൽ വർക്കുകൾക്ക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ള സർക്കാർ അംഗീകൃത ഏജൻസികൾ (പി.എം.സി മാതൃകയിൽ) മുഖാന്തിരം നിർവഹണം നടത്തുന്നതിനായി സെക്രട്ടറി ഇ-ടെണ്ടർ ക്ഷണിക്കുകയും, 9 സ്ഥാപനങ്ങൾ ടെണ്ടർ സമർപ്പിക്കുകയും ചെയ്തു. ടെണ്ടർ നിബന്ധനകൾ പാലിച്ച KEL (കേരള ഇലക്ട്രിക്കൽ അലൈഡ് ആന്റ് എഞ്ചിനീയറിംഗ് കോ ലിമിറ്റഡ്, പൂളുപ്പറമ്പ പി.ഒ, മലപ്പുറം) എന്ന സ്ഥാപനത്തിന്റെ ടെണ്ടർ (L5) 10.10.2022 ലെ 1/1-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം അംഗീകരിച്ചു. പ്രവർത്തി പൂർത്തീകരണസാക്ഷ്യപത്രം, ഫൈനൽ ബിൽ എന്നിവ KEL ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ബിൽതുകKEL ന്റെ അക്കൗണ്ടിലേയ്ക്ക് കൈമാറിയിട്ടുണ്ട് (ക്രമ നം. 1, 2 എന്നിവ ഒഴികെ. പ്രസ്തുത പ്രോജക്ടുകൾ മറ്റൊരു ഏജൻസി മുഖേനയാണ് നിർവഹണം നടത്തിയിരിക്കുന്നത്).

പ്രോജക്ട് നിർവ്വഹണത്തിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഇ-ടെണ്ടറിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്തത് (L1) (Rs 17,65,000/-) സർക്കാർ അക്രഡിറ്റഡ് ഏജൻസിയായ കെൽട്രോൺ ആയിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനം നോൺ പി.എം.സി ആണ് എന്ന കാരണത്താൽ ടെണ്ടർ നിരസിക്കുകയും ടെണ്ടറിൽ പങ്കെടുത്ത അക്രഡിറ്റഡ് ഏജൻസികൾ അല്ലാത്ത മറ്റ്6 സ്ഥാപനങ്ങളെക്കൂടി ഒഴിവാക്കുകയും അവശേഷിച്ച അക്രഡിറ്റഡ് ഏജൻസിയായ(പി.എം.സി) KEL, SILK എന്നിവയിൽ ഏറ്റവും കുറവ് തുക ക്വാട്ട് ചെയ്ത KELന് 10.10.2022 ലെ ഭരണസമിതി തീരുമാനം മുഖേന KEL ന്റെ 19,96,370.54/- രൂപയുടെ ടെണ്ടർ അംഗീകരിച്ച് നൽകുകയും ചെയ്തു. എന്നാൽ ലഭ്യമാക്കിയ രേഖകൾ പ്രകാരംKEL പ്രവർത്തി നിർവഹിച്ചിരിക്കുന്നതും തുക കൈപ്പറ്റിയിരിക്കുന്നതും നോൺ പി.എം.സി സ്ഥാപനങ്ങളുടേതിന് സമാനമായാണ്. നേരിട്ട് നിർവഹണം നടത്താനായിരുന്നെങ്കിൽ നോൺ പി.എം.സി ഏജൻസിയായ കെൽട്രോൺ സമർപ്പിച്ച 17,65,000/- രൂപയുടെ (19,96,370.54-17,65,000 = 231371/-) കുറഞ്ഞ നിരക്കിൽ പൂർത്തീകരിക്കാനും ഇതുമൂലം പഞ്ചായത്തിനുണ്ടായ സാമ്പത്തിക നഷ്ടം ഒഴിവാക്കുവാനും സാധിക്കുമായിരുന്നു.

2) പദ്ധതി നേരിട്ട് നടത്താൻ യോഗ്യമെന്ന് സർക്കാർ നിശ്ചയിച്ച കെൽട്രോൺ പോലുള്ള നോൺ പി.എം.സി ഏജൻസികളെ ഒഴിവാക്കി പി.എം.സി (കൺസൾട്ടൻസി) വഴി ഉപകരാറിലൂടെ പദ്ധതി നടപ്പിലാക്കുന്ന സ്ഥാപനങ്ങളെ തെരഞ്ഞെടുക്കാൻ ടെണ്ടർ വിളിക്കാനുണ്ടായ സാഹചര്യം വ്യക്തമല്ല. കൺസൾട്ടൻസി സ്ഥാപനം വഴിയോ (പി.എം.സി) നേരിട്ട് നിർവഹണം നടത്തുന്ന സ്ഥാപനം വഴിയോ (നോൺ പി.എം.സി) പ്രവർത്തി നിർവഹിക്കുന്നതിന് ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന് അധികാരമുണ്ടെങ്കിലും, ഇവയിൽ ഏത് രീതിയിൽ പ്രവർത്തി നിർവഹിക്കണമെന്നത് പ്രവർത്തിയുടെ തരം, സാങ്കേതികത്വം, കൺസൾട്ടൻസി ചാർജ്ജ് എന്നിവ പരിഗണിച്ചായിരിക്കണം. 2022-23 കാലയളവിൽ പ്രാബല്യത്തിലുള്ള അക്രെഡിറ്റഡ് ഏജൻസികളെ നിശ്ചയിച്ചുകൊണ്ടുള്ള 02.09.2022ലെ ജി.ഒ.(പി)104/2022 ധന. നം. ഉത്തരവ് പ്രകാരം ഹൈമാസ്റ്റ്/മീഡിയം മാസ്റ്റ് തെരുവ് വിളക്കുകൾ സ്ഥാപിക്കൽ പ്രവ്യത്തി നേരിട്ട് ഏറ്റെടുത്ത് (നോൺ പി.എം.സി) നടത്താൻ അംഗീകാരമുള്ള ഏക സ്ഥാപനം കെൽട്രോൺ ആണ്. ഇലക്ട്രിക്കൽ വർക്കുകൾക്കും ഇലക്ട്രോ-മെക്കാനിക്കൽ വർക്കുകൾക്കും മാനേജ്മെന്റ് കൺസൽട്ടൻസി നടത്താൻ VEIL, KEL, SILK എന്നിവയ്ക്കും അംഗീകാരം നൽകിയിരുന്നു. തെരുവ് വിളക്ക് സ്ഥാപിക്കൽ പ്രവർത്തി നേരിട്ട് ഏറ്റെടുക്കാൻ അംഗീകാരം ലഭിച്ച കെൽട്രോണിനെ ഒഴിവാക്കി കൂടുതൽ തുക ചെലവിട്ട് പി.എം.സി. സ്ഥാപനത്തെ നേരിട്ട് ഏൽപ്പിച്ചതുകൊണ്ട് പഞ്ചായത്തിന് എന്ത് മെച്ചമാണ് ഉണ്ടായിട്ടുള്ളതെന്ന് വിശദീകരിക്കാൻ കഴിഞ്ഞിട്ടില്ല.

3) ജി.ഒ(പി)27/2017/ധന തീ.26/02/2017 നം. ഉത്തരവ് പ്രകാരം മാസ്റ്റ്, എൽ.ഇ.ഡി. ലൈറ്റുകൾ എന്നിവയ്ക്ക് നിശ്ചിത സ്പെസിഫിക്കേഷൻ തയ്യാറാക്കിയിരുന്നു. എന്നാൽ ഈ സ്പെസിഫിക്കേഷൻ പ്രകാരമുള്ള മാസ്റ്റ്, ലൈറ്റുകൾ എന്നിവയുടെ മാനദണ്ഡങ്ങൾ ടെണ്ടർ നോട്ടീസിൽ ഉൾപ്പെടുത്തിയിരുന്നില്ല.

4) അക്രഡിറ്റേഷൻ സംബന്ധിച്ച ധനകാര്യ വകുപ്പിന്റെ 02/09/22-ലെ ജി.ഒ(പി)104/2022/ഫിൻ ഉത്തരവ് പ്രകാരം ഇലക്ട്രിക്കൽ മെക്കാനിക്കൽ വർക്ക് ചെയ്യുന്നതിനുള്ള PMC എന്ന നിലയിലാണ് ഇത്തരം പ്രവ്യത്തികൾ ചെയ്യുന്നതിന് കെൽ ന് സർക്കാർ അക്രഡിറ്റേഷൻ നൽകിയിട്ടുള്ളത്. 28/04/21-ലെ ജി.ഒ(പി) 67/2021/ധന ഉത്തരവ് അനുസരിച്ച് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസികൾക്ക് പ്രവ്യത്തികളുടെ നിർവ്വഹണം നേരിട്ട് ഏറ്റെടുക്കുന്നതിന് അനുമതിയില്ല. PMC ആയി പ്രവർത്തനങ്ങൾ ഏജൻസികളെ ഏൽപ്പിക്കുമ്പോൾ ഡിസൈൻ, ഡ്രോയിംഗ്, ഡീറ്റെയിൽഡ് എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കുക, സാങ്കേതികാനുമതി ലഭ്യമാക്കുക, ടെണ്ടർ നടപടികൾ, സൂപ്പർവിഷൻ, മെഷർമെന്റ്, ബില്ലുകളുടെ സൂക്ഷ്മപരിശോധന, ഡിഫെക്ട് ലയബിലിറ്റി കാലയളവിലെ പ്രവർത്തനം നിരീക്ഷിക്കുക എന്നിവ നിർവ്വഹിക്കേണ്ടത് പ്രോജക്ട് മാനേജ്മെന്റ് കൺസൽട്ടന്റാണ്. അനുവദനീയമായ സെന്റേജ് ഇനത്തിലുള്ള തുക പി.എം.സി-യ്ക്കും പ്രവ്യത്തിയുടെ തുക കരാറുകാർക്കുമാണ് അനുവദിക്കേണ്ടത്. ആയതിന് പഞ്ചായത്തും, PMCയും കരാറുകാരനും തമ്മിൽ ത്രികക്ഷി എഗ്രിമെന്റ് വയ്ക്കേണ്ടതുണ്ട്. പി.എം.സി ഏജൻസി എന്ന നിലയിൽ കെൽ ന്റെ ടെണ്ടർ പഞ്ചായത്ത് അംഗീകരിച്ചുവെങ്കിലും കെൽ തയാറാക്കേണ്ടിയിരുന്ന ഡി.പി.ആർ, ഉപകരാർ നൽകുന്നതിന് ടെണ്ടർ ക്ഷണിച്ചതിന്റെ രേഖകൾ, പ്രോജക്ട് ഏറ്റെടുത്ത കരാറുകാരന്റെ വിശദാംശം, കരാറിന്റെ പകർപ്പ് എന്നിവയൊന്നും ലഭ്യമാക്കിയിട്ടില്ല. ഗ്രാമപഞ്ചായത്തിൽ മേൽ നടപടിക്രമങ്ങൾ പാലിക്കാതെയാണ് പ്രവർത്തി നിർവഹണം പൂർത്തിയാക്കിയിരിക്കുന്നത്. 02.09.2022ലെ ജി.ഒ.(പി)104/2022/ധന. പ്രകാരം പി.എം.സി. സേവനങ്ങൾക്കു മാത്രം അക്രഡിറ്റേഷൻ ലഭിച്ച KEL പി.എം.സി. മാതൃകയിൽ പദ്ധതി നേരിട്ട് നിർവഹിച്ച് ബിൽതുക നേരിട്ട് കൈപ്പറ്റിയതായിട്ടാണ് കാണുന്നത്. ആയത് ചട്ടവിരുദ്ധമാണ്.
പഞ്ചായത്തും KEL മായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടെന്നും പ്രവർത്തി കെൽ ബിഡ്ഡിംഗിലൂടെ തെരഞ്ഞെടുത്ത കരാറുകാർ വഴി കെൽ ന്റെ സൂപ്പർവിഷനിൽ തന്നെയാണ് നിർവഹിക്കപ്പെട്ടതെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് നൽകുവാൻ കെൽ നോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും കെൽ ൽ നിന്നും റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ഓഡിറ്റിൽ ഈ രേഖകൾ ഹാജരാക്കുന്നതാണെന്നും അപാകത സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 14/11.08.2023 ) മറുപടി ലഭ്യമാക്കി. എന്നാൽ കെൽ ൽ നിന്നും ഇതുസംബന്ധിച്ച് റിപ്പോർട്ടൊന്നും തന്നെ ഹാജരാക്കിയിട്ടില്ല.

5) മിനി മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ധനകാര്യ വകുപ്പിന്റെ പൊതുമാർഗ്ഗരേഖ(ജി.ഒ(പി)27/2017/ധന തീ.26/02/2017) അനുസരിച്ച് ലൈറ്റുകൾ സ്ഥാപിക്കുന്നതിന് നിർദ്ദേശിക്കപ്പെട്ട സ്ഥലം അനുയോജ്യമാണെന്ന കെ.എസ്.ഇ.ബിയിൽ നിന്നുള്ള നിരാക്ഷേപപത്രം ഹാജരാക്കണം. ഈ നടപടിക്രമം പാലിച്ചില്ല.

6) പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച മിനിമാസ്റ്റ് ലൈറ്റുകളുടെ ബിൽത്തുക വാല്യൂവേഷൻ/മെഷർമെന്റിന്റെ അടിസ്ഥാനത്തിലല്ല നൽകിയിട്ടുള്ളത്. ചെയ്ത പ്രവ്യത്തിയുടെ യഥാർത്ഥ മൂല്യ നിർണ്ണയം നടത്താതെ പ്രവ്യത്തി നിർവ്വഹിച്ച സ്ഥാപനത്തിന്റെ ബിൽ പ്രകാരമുള്ള തുക നൽകുകയാണ് ചെയ്തത്.

7) മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഡ് മെമ്പറുടെ മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടുണ്ട് എന്ന് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയെങ്കിലും അത്തരത്തിലൊരു റിപ്പോർട്ട് ഓഡിറ്റിന് ലഭ്യമായിട്ടില്ല.

8) 2022-23 സാമ്പത്തിക വർഷം സ്ട്രീറ്റ് ലൈറ്റുകളുടെ ഇലക്ട്രിസിറ്റി ചാർജിനത്തിൽ 25,29,173/-രൂപ അടവാക്കിയിട്ടുണ്ട്. മിനിമാസ്റ്റ്/ഹൈമാസ്റ്റ് ലൈറ്റുകൾ സ്ഥാപിച്ച സ്ഥലങ്ങളിൽ നിലവിൽ തെരുവുവിളക്കുകൾ പ്രവർത്തിക്കുന്നുണ്ടോയെന്നും ആയവ റദ്ദുചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമല്ല.
സ്ട്രീറ്റ് ലൈറ്റുകൾ റദ്ദ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നാണ് ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയത്.

നടപടിക്രമങ്ങൾ പാലിക്കാത്തതിനാലും മറുപടിയെ സാധൂകരിക്കുന്ന രേഖകൾ ലഭ്യമാക്കാത്തതിനാലും ചെലവുതുക 1492450/- രൂപ തടസ്സപ്പെടുത്തുന്നു.

## 1-24 ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ പദ്ധതി-മരുന്ന് ലഭ്യമായിട്ടില്ല

പ്രോജക്ടിന്റെ നമ്പർ - SO049/23

പ്രോജക്ട് പേര് - ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ

അടങ്കൽ തുക - 300000/-

ചെലവ് തുക - 300000/- (Bill No.1/23 Dtd 11.1.23)

നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ഹോമിയോ)

2022-23സാമ്പത്തിക വർഷം 'ഹോമിയോ ഡിസ്പെൻസറിക്ക് മരുന്നു വാങ്ങൽ പദ്ധതി' പ്രകാരം 300,000/- രൂപ ഹോംകോയ്ക്ക് നല്കിയിട്ടുണ്ട്. എന്നാൽ പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ നാളിതുവരെ മരുന്ന് ലഭ്യമായിട്ടില്ല മനസ്സിലാക്കാൻ കഴിഞ്ഞു. മരുന്ന് ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ/ലഭ്യമാകാത്തതിനുള്ള കാരണം എന്നിവ സംബന്ധിച്ച വിശദാംശങ്ങൾ ആരാഞ്ഞ് നല്കിയ എൻക്വയറി നമ്പർ 5 ന് മറുപടി ലഭ്യമാക്കിയില്ല. പ്രസ്തുത മരുന്നുകൾ ലഭ്യമാക്കുമ്പോൾ സ്റ്റോക്കിലെടുത്ത് Stock Register രേഖപ്പെടുത്തി പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-25 ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ- ജിഎസ്ടി റ്റിഡിഎസ് ഈടാക്കിയിട്ടില്ല

2021-22 സാമ്പത്തിക വർഷം സെക്രട്ടറി നടപ്പിലാക്കിയ 'ഹരിതകർമ്മ സേനയ്ക്ക് വാഹനം വാങ്ങൽ' എന്ന പദ്ധതി (SO311/22) പ്രകാരം 439833/- Tata Motors ന്

കൈമാറിയിട്ടുണ്ട്.പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, ചെലവ് തുകയിൽ നിന്നും ജി. എസ് ടി റ്റി.ഡി എസ് (Taxable Amt-343620, GST -TDS-2%-6872.40) ഈടാക്കാതെ മുഴുവൻ തുകയും Tata Motors ന് കൈമാറി.

2017 ലെ CGSTAct/SGST Act Sn 51(1) പ്രകാരം താഴെ പറയുന്ന സ്ഥാപനങ്ങൾ ബില്ലുകളിൽ നിന്നും ടി.ഡി.എസ് നടത്തുവാൻ ബാധ്യസ്ഥരാണ്.

CGST Act 2017ലെ Sn 51(1) ൽ വിതരണത്തിൽ ആകെ മൂല്യം (കരാർ തുക) 2.50 ലക്ഷം രൂപയിൽ അധികരിക്കുന്ന സാധനങ്ങളുടെയോ,സേവനങ്ങളുടെയോ രണ്ടിന്റെയുമോ കരാറുകാരുടെ ബില്ലുകളിൽ നിന്നും സ്രോതസ്സിൽ നിന്നും 1% തുക കുറവു ചെയ്യുവാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്. SGST Act 2017 ലെ സെക്ഷൻ 51(1) ലും സമാനമായ വ്യവസ്ഥയുണ്ട്. ആയതിനാൽ CGST, SGST ഇനത്തിൽ ഒരു ശതമാനം 1% വീതം (ആകെ 2%) സ്രോതസ്സിൽ നിന്നും കുറവു ചെയ്യേണ്ടതാണ്.

ഭാവിയിൽ മേൽ വ്യവസ്ഥകൾക്ക് അനുസൃതമായി GST-TDS ഈടാക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

മേൽ വിഷയം സംബന്ധിച്ച് നല്കിയ എൻക്വയറി 27-(1) ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-26 ഹരിതകർമ്മ സേനയ്ക്ക് രണ്ട് വാഹനം -ആവശ്യകത വ്യക്തമാക്കേണ്ടതുണ്ട്

ഹരിത കർമ്മ സേനക്ക് വാഹനം വാങ്ങൽ പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം പ്രോജക്ട് രൂപീകരിച്ച് Tata Motorsൽ നിന്നും വാഹനം വാങ്ങി. 2022-23 ഓഡിറ്റ് വേളയിൽ ലഭ്യമായ വിവര പ്രകാരം 'കാരോട് ഗ്രാമപഞ്ചായത്ത് ഹരിതകർമ്മസേന' എന്ന് രേഖപ്പെടുത്തിയ ഒരു വാഹനവും (KL19 M 9714), (KL19 N 6306) എന്ന മറ്റൊരു വാഹനവും ഉപയോഗിക്കുന്നുണ്ട്. ഒരേ ആവശ്യത്തിനായി രണ്ടു വാഹനങ്ങളുടെ ആവശ്യകത വ്യക്തമാക്കാൻ ആവശ്യപ്പെട്ട് നൽകിയ എൻക്വയറി നമ്പർ 27(2) ന്റെ മറുപടിയിൽ കാരോട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ICICI Bank മാനേജർക്ക് ബാങ്കിന്റെ സാമൂഹ്യ പ്രതിബന്ധത ഫണ്ട് വകയിരുത്തി മാലിന്യം നീക്കം ചെയ്യുന്നതിന് ഒരു ഇലക്ട്രിക്ക് വാഹനം അനുവദിക്കുവാൻ കത്ത് നല്കുകയും പ്രസ്തുത വിഷയം കമ്മിറ്റി അംഗീകരിച്ച് മാലിന്യ നിർമാർജ്ജന പ്രക്രിയ വേഗത്തിലാക്കുന്നതിനും നിലവിലുള്ള വാഹനം ഇലക്ട്രിക്ക് വാഹനം അല്ലാത്തതിനാലും ഇലക്ട്രിക്ക് വാഹനം ലഭ്യമാക്കുന്നതിന് ICICI ബാങ്ക് അധികൃതരുമായി കരാറിൽ ഏർപ്പെട്ട് വാഹനം ലഭ്യമാക്കിയതായി അറിയിച്ചു. കൂടാതെ മാലിന്യം നീക്കം ചെയ്യുന്നതിന് രണ്ട് വാഹനങ്ങൾ ഉപയോഗിക്കുന്നതായിട്ടും അറിയിച്ചു. എന്നാൽ നേരിട്ടുള്ള അന്വേഷണത്തിൽ നിലവിൽ രണ്ട് വാഹനത്തിനുമായി ഒരു ഡ്രൈവർ മാത്രമാണുള്ളതെന്ന് അറിയിച്ചു.

ഒരേ ആവശ്യത്തിനായി രണ്ടു വാഹനങ്ങൾ നിലനിർത്തുന്നു എന്നത് വ്യക്തമാണ്. ഇലക്ട്രിക്ക് വാഹനം പഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയിട്ടില്ല. കൂടാതെ രണ്ടു വാഹനങ്ങളുടെ തുടർ പരിപാലനം, ഇൻഷ്വറൻസ്, ഡ്രൈവറുടെ വേതന വ്യവസ്ഥകൾ എന്നിവ സാമ്പത്തികഅച്ചടക്കത്തെ ബാധിക്കുമെന്നും ഓഡിറ്റ് വിലയിരുത്തുന്നു.

## 1-27 വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയ പദ്ധതികൾ -അപാകതകൾ സംബന്ധിച്ച്

2022-23 സാമ്പത്തിക വർഷം ഹെഡ്മിസ്ട്രസ്സ് നടപ്പിലാക്കിയ പദ്ധതികളുടെ ഫയൽ പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

(1) ഗവ. എൽ.പി.എസ് എറിച്ചനല്ലൂർ പ്രീപ്രൈമറി അധ്യാപികയ്ക്കും കമ്പ്യൂട്ടർ അധ്യാപികയ്ക്കും ഓണറേറിയം നൽകൽ (SO181/23)

ചെലവ് തുക - 90000/- (Bill No.1/23 Dtd 31.8.22-20000/-,Bill No.2/23 Dtd.17.9.22-10000/-,Bill No.3/23 Dtd 14.10.22-10000,Bill No.5/23 Dtd 8.12.22 10000/-,Bill No.7/23 Dtd 6.1.23-10000/-,Bill No.9/23 Dtd 9.1.23-10000/-,Bill No.10/23 Dtd 13.3.23 10000/-,Bill No.4/23 Dtd 22.11.22-10000/-)

പ്രസ്തുത പദ്ധതി പ്രകാരം പ്രീപ്രൈമറി അധ്യാപികയ്ക്കും കമ്പ്യൂട്ടർ അധ്യാപികയ്ക്കും ഓണറേറിയം നൽകുന്നതിനായി 90000/- രൂപ ചെലവഴിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് - സ.ഉ.(കൈ) 115/2022 തസ്വഭവ തീ.28.5.2022 ഖ.8.6 പ്രകാരം,സർക്കാരിന്റെ പ്രത്യേക അനുമതി കൂടാതെ ശമ്പളമോ ഓണറേറിയമോ നൽകാൻ പാടില്ല. എന്നാൽ മേൽ പദ്ധതി പ്രകാരം പ്രീപ്രൈമറി അധ്യാപികയ്ക്കും കമ്പ്യൂട്ടർ അധ്യാപികയ്ക്കും 9 മാസം വരെ ഓണറേറിയം നൽകിയിട്ടുണ്ട്. ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറി 31ന്റെ മറുപടിയിൽ മുൻകാലങ്ങളിൽ ചെയ്തു വന്ന പ്രോജക്ട് പിൻതുടർന്നാണ് നടപ്പിലാക്കിയതെന്ന്അറിയിച്ചു. ഭാവിയിൽ സർക്കാർ ഉത്തരവ് പാലിച്ച് പ്രോജക്ടുകൾ നടപ്പിലാക്കാൻ പഞ്ചായത്ത് അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

(2) പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങൽ (SO211/23)

ചെലവ് തുക - Bill No.6/23 Dtd 17.12.2022, 185189/-

പട്ടികജാതി വിദ്യാർത്ഥികൾക്ക് മേശയും കസേരയും വാങ്ങി നല്കുന്നതാണ്പ്രോജക്ട്. പ്രസ്തുത പദ്ധതിയ്ക്കായി 38 മേശയും കസേരയും Sidco നിന്ന് 185189/- വാങ്ങി.വിതരണ രേഖകൾ പരിശോധിച്ചതിൽ 38 മേശയും കസേരയും Sidco നിന്ന് വാങ്ങുകയും ആയതിൽ 33 കുട്ടികൾക്ക് മാത്രമാണ് മേശയും കസേരയും വിതരണം ചെയ്തിട്ടുള്ളത്. ഈ വിഷയം സംബന്ധിച്ച് നൽകിയ എൻക്വയറി 31ന്റെ മറുപടിയിൽ SC സർട്ടിഫിക്കറ്റ് ഹാജരാക്കാത്തതിനാലാണ് ആയത് വിതരണം ചെയ്യാത്തത് എന്നാണ് മറുപടി നൽകിയത്. കൂടാതെ ആനുകൂല്യം ലഭ്യമാകാത്ത 5 കുട്ടികൾ സർഫിക്കറ്റുകൾ ഹാജരാക്കി മേശയും കസേരയും വാങ്ങിയതായും മറുപടിയിൽ പരാമർശിച്ചിട്ടുണ്ട്. ആനുകൂല്യം ലഭ്യമാകാത്ത 5 കുട്ടികൾക്ക് മേശയും കസേരയും വിതരണചെയ്ത രേഖകൾ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 1-28 മൽസര പരീക്ഷ പരിശീലന കേന്ദ്രം-അപാകതകൾ

പ്രോജക്ടിന്റെ പേര് - മൽസര പരീക്ഷ പരിശീലന കേന്ദ്രം

പ്രോജക്ട് നമ്പർ - (SO133/23)

ചെലവ് - 280852/- രൂപ (Ch.no.493595 Dtd 30.5.2022- 66265/- രൂപ, വിവിധ ചെക്കുകൾ പ്രകാരം - 214587/- രൂപ)

നിർവ്വഹണ ഉദ്യോഗസ്ഥൻ - ഹെഡ്മാസ്റ്റർ

കാരോട് ഗ്രാമപഞ്ചായത്തിൽ എച്ച്.എം നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മൽസര പരീക്ഷ പരിശീലന കേന്ദ്രം പദ്ധതിയുമായി ബന്ധപ്പെട്ട് 2മേൽനോട്ടക്കാരുള്ള രണ്ട് പരീശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കേന്ദ്രങ്ങളുടെ പ്രാദേശിക പരിശോധനാ വേളയിൽ പരിശീലനകേന്ദ്രം അടഞ്ഞു കിടക്കുന്നതായും സ്ഥാപനം പ്രവർക്കുന്നതിന് സമയക്രമം പാലിക്കുന്നില്ലായെന്നും മനസ്സിലാക്കി.
പദ്ധതി ഫയൽ പരിശോധിച്ചതിൽ, കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഇത്തരത്തിൽ ഒരു പ്രോജക്ട് പ്രതിപാദിച്ചിട്ടില്ല. പതിനാലാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത പ്രോജക്ട് നടപ്പിലാക്കിയതിന് സർക്കാരിന്റെ മുൻകൂർ അനുമതി ലഭ്യമാക്കിയിട്ടില്ല. ആയത് ലഭ്യമാക്കേണ്ടതാണ്.

പ്രസ്തുത പദ്ധതി പ്രകാരം 280852 രൂപ ചെലവ് ചെയ്തിട്ടുണ്ട്. ആയതിൽ 214587 രൂപ പരിശീലന കേന്ദ്രത്തിന്റെ മേൽനോട്ട ചുമതലയുള്ള താല്ക്കാലിക ജീവനക്കാരുടെ വേതനം നല്കുന്നതിനായിട്ടാണ് ചെലവഴിച്ചിരിക്കുന്നത്. പ്രസ്തുത വ്യക്തികളെ നിയമിക്കുന്നതിന്, 24.1.22 തീയതിയിൽ വാക്ക് ഇൻ ഇന്റർവ്യൂ നടത്തുന്നതിന് പത്രപരസ്യം നൽകുന്നതിനും 15.1.22 തീയതിയിലെ 1(2) കമ്മിറ്റി തീരുമാനിച്ചിരുന്നു. ആയത് പ്രകാരം ശ്രീ.ജോജി.റ്റി.എ, ശ്രീ.രേഷ്മ ആർ.ജെ എന്നിവരെ മേൽനോട്ടകാരനായി നിയമിക്കുകയും ടി വ്യക്തികളുമായി കരാർ നടപടികൾ സ്വീകരിക്കുന്നതിന് കമ്മിറ്റി (25.1.22 തീയതിയിലെ 1(1) നമ്പർ തീരുമാനം) തീരുമാനിച്ചിരുന്നു. എന്നാൽ പത്രപരസ്യം നൽകിയതിന്റെ വിവരങ്ങൾ, കരാർ നടപടി വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

മൽസര പരീക്ഷ പരിശീലന കേന്ദ്രത്തിലെ മേൽനോട്ടകാർക്ക് പ്രതിമാസം 10000/- രൂപ നിരക്കിൽ വേതനം നൽകിയിട്ടുണ്ട്. 25.1.22 തീയതിയിലെ 1(1) നമ്പർ കമ്മിറ്റി തീരുമാനത്തിൽകരാർ അടിസ്ഥാനത്തിലാണ് നിയമനം എന്ന്നിഷ്കർച്ചിട്ടുണ്ടെങ്കിലും വേതന നിരക്ക് പ്രതിപാദിച്ചിട്ടില്ല. ആകയാൽ വേതന നിരക്ക് 10000/-രൂപയായി നിജപ്പെടുത്തിയതിന്റെ കാരണം വ്യക്തമല്ല. ആയത് വ്യക്തമാക്കേണ്ടതാണ്.

മൽസര പരീക്ഷ പരിശീലന കേന്ദ്രത്തിൽ പ്രതിദിനം ഹാജരാകുന്ന പരിശീലനാർത്ഥികളുടെ വിവരങ്ങൾ, പരീക്ഷ എഴുതിയവരുടെയോ /പാസ്സായവരുടെയോ വിവരങ്ങൾ, പരിശീലകരുടെ വിവരങ്ങൾ എഴുതി സൂക്ഷിക്കുന്നില്ല.

പരിശീലന കേന്ദ്രത്തിന്റെ നടത്തിപ്പ് വിലയിരുത്തുന്നതു സംബന്ധിച്ച മോണിറ്ററിംഗ് റിപ്പോർട്ട് ഫയലിൽ സൂക്ഷിച്ചിട്ടില്ല.

മേൽ വിഷയം ചൂണ്ടികാണിച്ച് നല്കിയ എൻക്വയറി നമ്പർ 31,34 എന്നിവയുടെ മറുപടിയിൽ മേൽനോട്ടകാരുടെ നിയമനം സംബന്ധിച്ച കമ്മിറ്റി തീരുമാനം, ചെലവ് രേഖകൾ എന്നിവ ഹാജരാക്കി. പ്രസ്തുത പ്രോജക്ടിന്റെ നടത്തിപ്പിന്റെ വിശദ വിവരങ്ങൾ, ഉദ്ദേശ്യ ലക്ഷ്യങ്ങളുടെ ഫലപ്രാപ്തി എന്നിവ വിശദീകരിക്കുന്ന മോണിറ്ററിംഗ് റിപ്പോർട്ട് ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 1-29 ചുവർചിത്രം വരയ്ക്കൽ- രേഖകളുടെ അഭാവത്തിൽ 45000/- രൂപ തടസ്സം ചെയ്യുന്നു

| | |
|---|---|
| പദ്ധതിയുടെ നമ്പർ | എസ് 125/2023 (Spill Over) |

| | |
|---|---|
| പദ്ധതിയുടെ പേര് | ശേഷി വികസനം & ഐ.ഇ.സി.പ്രവർത്തനങ്ങൾ |
| അടങ്കൽ തുക | 45175/- (കേന്ദ്രാവിഷ്കൃത ഫണ്ട്) |
| ചെലവായ തുക | 45000/- |
| ബിൽ നം./തീയതി | സാങ്ഷൻ ഓർഡർ നം. 18 തീ. 13/06/2022 |
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |

പഞ്ചായത്തിലെ ശുചിത്വമിഷൻ, ഹരിതകേരളം എന്നീ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിന്റെ കീഴിലുള്ള പൊതുമേഖല സ്ഥാപനങ്ങളിലെ ചുമരിൽ അഥവാ മതിലിൽ ചുമർ ചിത്രങ്ങൾ ക്വട്ടേഷൻ സ്വീകരിച്ചതിന്റെ ഭാഗമായി 150/ച.അ നിരക്കിൽ ക്വാട്ട് ചെയ്ത ക്വട്ടേഷൻ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പ്രവർത്തി ചെയ്ത രമേഷ് എന്ന വ്യക്തിയുടെ അക്കൗണ്ടിൽ 45000/- രൂപ കൈമാറിയിട്ടുമുണ്ട്. എന്നാൽ എത്ര സ്ക്വയർ ഫീറ്റിലാണോ ചുമർ ചിത്രങ്ങൾ വരച്ചതെന്നോ, എവിടെയൊക്കെയാണ് വരച്ചതെന്നോ എന്തിന്റെ അടിസ്ഥാനത്തിലാണ് തുക നൽകിയതെന്നോ ഫയലിൽ നിന്ന് വ്യക്തമല്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.25/2023 തീ.16.08.2023) മറുപടി ലഭ്യമാക്കിയില്ല. 45000/- രൂപ ചെലവ് ചെയ്തിന് ആധാരമായ രേഖകൾ ഹാജരാക്കി ഓഡിറ്റ് തടസ്സം ഒഴിവാക്കേണ്ടതാണ്.

### 1-30 ലൈഫ് ഭവന പദ്ധതി - നിശ്ചിത കാലാവധിക്കുള്ളിൽ പണി പൂർത്തീകരിച്ചില്ല

ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കൾ കരാറിൽ ഏർപ്പെട്ട് ആറ് മാസത്തിനകം ഭവനം പണി പൂർത്തിയാക്കണം എന്നാണ്. എന്നാൽ കരാർ വച്ചതിനശേഷം നിശ്ചിത കാലാവധിയ്ക്കുള്ളിൽ പണി പൂർത്തിയാക്കാത്തവർ ഉള്ളതായി ഓഡിറ്റിന് ബോധ്യപ്പെട്ടു. വിശദ വിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നമ്പർ | ഗുണഭോക്താവിന്റെ പേര്, മേൽവിലാസം | കരാർ വച്ച തീയതി | നാളിതുവരെ അനുവദിച്ച തുക |
|---|---|---|---|---|
| 1 | 9 | സുഭദ്ര, എറിച്ചല്ലൂർ, പ്ലാമൂട്ടുക്കട | 15.07.21 | 360000/- |
| 2 | 15 | ആതിര. എസ്, എ.എസ്.എം.മൻസിൽ | 25.05.21 | 360000/- |
| 3 | 4 | ഗീത.ബി, പൂല്ലുവിള ലക്ഷംവീട് കോളനി, അയിര | 03.05.21 | 320000/- |
| 4 | 4 | ജയചന്ദ്രൻ.എസ്, പൂല്ലുവിള കോളനി, അയിര | 11.06.21 | 360000/- |
| 5 | 4 | ഷീബ.ഡി.ആർ, പൂല്ലുവിള ഹരിജൻ കോളനി | 03.05.21 | 360000/- |
| 6 | 15 | ഹെൻടി.കെ, കന്നിമാർകഴിവീട് | 03.05.21 | 360000/- |
| 7 | 15 | ജോൺ ബോസ്കോ, കിഴക്കേവാളാകളം, പൊഴിയൂർ | 27.04.21 | 360000/- |
| 8 | 15 | ലിജിൻ സ്റ്റെല്ലാർജ്, അത്ഭുതമാതാ ഭവൻ, ഉച്ചക്കട | 30.06.21 | 360000/- |

കാലാവധി കഴിഞ്ഞിട്ടും പണിപൂർത്തീകരിക്കാത്തതിന് വിശദീകരണം നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/2023 തീയതി. 16.08.23) മറുപടി ലഭ്യമാക്കിയില്ല. പണിപൂർത്തികരിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 അങ്കണവാടി കുട്ടികളുടെ കുട്ടികളുടെ കലാ കായിക മേള -പദ്ധതി നടത്തിപ്പിനായി തനത് ഫണ്ടിൽ നിന്നും അധിക ചെലവ് ചെയ്തു-15000/- രൂപ നിരാകരിക്കുന്നു

പ്രൊജക്റ്റ് നമ്പർ 173-അങ്കണവാടി കുട്ടികളുടെ കുട്ടികളുടെ കലാ കായിക മേളക്കായി വികസന ഫണ്ടിൽ(പൊതു വിഭാഗം) 15000/- രൂപ അടങ്കൽ തുക വകയിരുത്തി പദ്ധതി നടപ്പാക്കുകയും 15000/- രൂപ ചെലവ് ചെയ്യുകയും ചെയ്തു. തുടർന്ന് കലാകായിക മേളക്ക് ഭക്ഷണം നൽകിയതിന് 25000/- രൂപ ചെലവായെന്നും അതിൽ 10000/- രൂപ സ്പോൺസർ മുഖേന ലഭ്യമായെന്നും 15000/- രൂപ തനത് ഫണ്ടിൽ നിന്നും നൽകണമെന്നും ആവശ്യപ്പെട്ട് ഐ.സി.ഡി.എസ്. സൂപ്പർവൈസർ 20.12.2022 ന് സെക്രട്ടറിക്ക് കത്ത് നൽകി. ഭരണസമിതി തീരുമാന പ്രകാരം 15000/- രൂപ തനത് ഫണ്ടിൽ നിന്നും അനുവദിച്ചു. (ചെക്ക് നമ്പർ 973685/11.01.2023).28.05.2022 ലെ സ.ഉ.(കൈ) നം.115/2022/LSGD പ്രകാരമുള്ള പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗരേഖ ഖണ്ഡിക 7.5.1 ൽ റിഫ്രഷ്മെന്റ്,ഭക്ഷണം,സമ്മാനങ്ങൾ,പ്രോത്സാഹന സമ്മാനങ്ങൾ,മറ്റ് ചെലവുകൾ ഉൾപ്പെടെ പരമാവധി 15000/- രൂപയാണ് പദ്ധതിക്കായി ചെലവാക്കാവുന്നത്.തനത് ഫണ്ടിൽ നിന്നും അധിക തുക ചെലവ് ചെയ്തതിന്റെ കാരണം വ്യക്തമാക്കാനായി നൽകിയ ഓഡിറ്റ് അന്വേഷണം.30/17.08.23 നുള്ള 17.08.23 ലെ ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ മറുപടിയിൽ ഭക്ഷണ ചെലവിന് പദ്ധതിയിൽ വകയിരുത്തിയ തുക തികയാത്തതിനാലാണ് തനത് ഫണ്ടിൽ നിന്നും തുക ചെലവഴിച്ചത് എന്ന് അറിയിച്ചിട്ടുണ്ട്. പതിനാലാം പഞ്ചവൽസര പദ്ധതി സബ്സിഡി മാർഗരേഖ പാലിക്കാതെ തനത് ഫണ്ടിൽ നിന്നും ചെലവ് ചെയ്ത 15000/- രൂപ നിരാകരിക്കുന്നു.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

സുലേഖ ചെലവ് പത്രിക പ്രകാരം

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് | അടങ്കൽ | ചെലവഴിച്ച തുക |
|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 156/23, സമഗ്ര നെൽകൃഷി | 221000 | 170000 |
| | 148/23, ലൈഫ് ഭവനനിർമാണം (പട്ടികജാതി അധിക പട്ടിക) | 760000 | 520000 |
| | 146/23, ലൈഫ് ഭവനനിർമാണം (ഫിഷറീസ് അധിക പട്ടിക) | 880000 | 740000 |
| | 152/23, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സ്കോളർഷിപ്പ് | 798000 | 798000 |
| | 184/23, ക്ഷീരസമൃദ്ധി പാലിന് സബ്സിഡി (ജനറൽ) | 1200000 | 200000 |
| ആകെ | | 9699000 | 2428000 |

| | | | |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 156/23, സമഗ്രനെൽകൃഷി | 221000 | 170000 |
| | 147/23, ന്യൂലൈഫ് എസ് സി | 320000 | 320000 |
| | 335/23, ലൈഫ് ഭവനനിർമാണം എസ് സി പി | 1000000 | 720000 |
| | 152/23, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സ്കോളർഷിപ്പ് | 798000 | 798000 |
| | 109/23, മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികൾക്കായുള്ള സ്കോളർഷിപ്പ് | 115500 | 115500 |
| | 184/23, ക്ഷീരസമൃദ്ധി പാലിന് സബ്സിഡി (ജനറൽ) | 1200000 | 400000 |
| ആകെ | | 9308468 | 2523500 |

വാർഷിക ധനകാര്യ പത്രിക പ്രകാരം

| | മുന്നിരിപ്പ് (2021-22 , B-4 ഷെഡ്യൂൾ ) | വരവ് (I 6 പ്രകാരം) | ആകെ | ചെലവ് (സുലേഖ പത്രിക പ്രകാരം) | നീക്കിയിരിപ്പ് (2022-23, B-4 ഷെഡ്യൂൾ) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 0 | 2428000 | 2428000 | 2428000 | 0 |
| ജില്ലാ പഞ്ചായത്ത് | 0 | *2408000 | 2408000 | 2523500 | **115500 |

* ജില്ലാപഞ്ചായത്ത് വിഹിതമിനത്തിൽ 1,15,500/- രൂപ പഞ്ചായത്തിന് ലഭ്യമായിട്ടുണ്ടെങ്കിലും (ആർ പി 30 പ്രകാരം) പ്രസ്തുത വരവിന്റെ വിശദാംശങ്ങൾ I- 6 ൽ ഉൾപ്പെടുത്തിയിട്ടില്ല.
**കൂടാതെ പ്രസ്തുത ഉക തൻവർഷം ചെലവഴിച്ചിട്ടുണ്ടെങ്കിലും ധനകാര്യപത്രികയിൽ ബന്ധപ്പെട്ട ശീർഷകത്തിൽ ചെലവുതുക കുറവു ചെയ്തിട്ടില്ല.
വരവ് ചെലവുകൾ ക്രമീകരിച്ച് റിപ്പോർട്ട് ചെയ്യേണ്ടതാണ്.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ.

| നിർഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | കുറിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പേച്ചന്ത കല്ലിംഗാവിള ഭാഗത്ത് ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കലും ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷനും (353/23) | 74930 | | 74930 | രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി |
| | ഇലക്ട്രിക് പോസ്റ്റ് സ്ഥാപിക്കലും ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷനും (354/23) | 55402 | | 55402 | രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി |
| | പഞ്ചായത്തിലെ വിവിധ വാർഡുകളിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ (151/23) | 189374 | | 189374 | രൂപയുടെ വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കി |

. ഡെപ്പോസിറ്റ് വർക്കിനത്തിൽ നൽകിയ തുകയുടെ വിശദാംശങ്ങൾ ധനകാര്യ പത്രികയിലെ രേഖപ്പെടുത്തലുകൾ പൊരുത്തപ്പെടുന്നില്ല.

| സ്ഥാപനം | മുന്നിരിപ്പ് | തിരികെ ലഭ്യമായ തുക | നൽകിയ തുക | നൽകിയ തുക | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | 6344438 | 0 | 0 | ** 0 | 6344438 |
| കെൽ | 1257575 | 0 | 0 | @ 0 | 1257575 |

** നിക്ഷേപ പ്രവൃത്തിയ്ക്ക് തുക നൽകിയതിന്റെ വിവരങ്ങൾ ശരിയായ ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടില്ല. സുലേഖ പത്രിക പ്രകാരം 319706/- രൂപ നൽകിയിട്ടുണ്ട്.

@ സെക്രട്ടറി, അസിസ്റ്റന്റ് സെക്രട്ടറി എന്നിവർ നിർവഹണ ഉദ്യോഗസ്ഥരായ വിവിധ പ്രോജക്ടുകൾ പ്രകാരം SILK, KEL എന്നീ സ്ഥാപനങ്ങൾക്ക് മിനി/ഹൈ മാസ്റ്റ് ലൈറ്റുകൾ സ്ഥാപിക്കുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ട്. ആയതിന്റെ സ്ഥാപനം തിരിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളത് താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം ലഭിച്ച തുക | തൻവർഷം തിരിച്ചടച്ച തുക | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (B5 പ്രകാരം) |
|---|---|---|---|---|---|
| കെ.യു.ആർ. ഡി.എഫ്.സി | സ.ഉ (എം.എസ്) നം. 68/18 ത.സ്വ.ഭ.വ, തീയതി 18/05/2018 | 54992730/- | 6160000/- | 5847249/- | 55305481 |

## 4-5 സ്ഥിര നിക്ഷേപം

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള ഖണ്ഡികകൾ

ഇല്ല

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരം

| | |
|---|---|
| മുന്നിരിപ്പ് | 16904980 |
| ഓഡിറ്റ് വർഷത്തെ വരവ് | 80383177 |
| ആകെ | 97288157 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 65508160 |
| നീക്കിയിരിപ്പ് | 31779997 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 96504 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 2629058 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ് (ട്രഷറി അലോട്ട്മെന്റ്) എന്നീ സർക്കാർ ഗ്രാന്റുകളുടെ വരവ്-ചെലവ് തുക റസീറ്റ് & പേമെന്റ് പത്രികയിൽ ഉൾപ്പെട്ടിട്ടില്ല. പഞ്ചായത്തിന്റെ 2022-23 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം വരവ് 20,92,57,812/- രൂപയും ചെലവ് 22,97,38,613/- രൂപയുമാണ്.

ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായഉദ്യോഗസ്ഥൻ |
|---|---|---|
| 3-1 | 15000 | ഐ.സി.ഡി.എസ് സൂപ്പർവൈസർ |

സി) ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-14 | 16283 | ഡോ.കലാജി പ്രീത.എസ് ഐ.സി.ഡി.എസ് സൂപ്പർവൈസർ |
| 1-15 | 126013 | ശ്രീ.പ്രവീൺ.എസ്.റ്റി, സെക്രട്ടറി |
| 1-22 | 949312 | ശ്രീമതി.അജിതകമാരി, അസിസ്റ്റന്റ് സെക്രട്ടറി |
| 1-23 | 1492450 | അസിസ്റ്റന്റ് സെക്രട്ടറി |
| 1-29 | 45000 | വി.ഇ.ഒ |

ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഇ) നഷ്ടം നിജപ്പെടുത്തുവാൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

എഫ് ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസം

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ ഔദ്യോഗിക മേൽവിലാസം) | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | ഡോ.കലാജി പ്രീത.എസ്, ഐ.സി.ഡി.എസ് സൂപ്പർവൈസർ | ഐ.സി.ഡി.എസ് സൂപ്പർവൈസർ | കലാഭവൻ, ആനക്കുഴി, മീൻമുട്ടി പി.ഒ. 695562 |
| 2 | ശ്രീ.പ്രവീൺ.എസ്.റ്റി, സെക്രട്ടറി | സെക്രട്ടറി | റ്റി.സി20/3094 (1), കോട്ടുമുകൾ, നാലാഞ്ചിറ, തിരുവനന്തപുരം |
| 3 | ശ്രീമതി.അജിതകമാരി അസിസ്റ്റന്റ് സെക്രട്ടറി | അസിസ്റ്റന്റ് സെക്രട്ടറി | വത്സലഭവൻ, കീഴെത്തോട്ടം, പരശുവയ്ക്കൽ പി.ഒ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച അവസാന കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.റ്റി.വി.എം/ജിപി1/1713/2022 തീയതി: 01.10.2022 | 1 |
| 2013-14 | കെ.എസ്.എ.റ്റി.വി.എം/ജിപി1/1713/2022 തീയതി: 01.10.2022 | 3 |
| 2015-16 | കെ.എസ്.എ.റ്റി.വി.എം/ജിപി1/1713/2022 തീയതി: 01.10.2022 | 4 |
| 2017-18 | കെ.എസ്.എ.റ്റി.വി.എം/ജിപി1/443/2019 തീയതി: 17.10.2019 | 28 |
| 2018-19 | കെ.എസ്.എ.റ്റി.വി.എം/ജിപി1/40/2020 തീയതി: 20.07.2022 | 14 |
| 2019-20 | കെ.എസ്.എ.റ്റി.വി.എം/ജിപി1/444/2022 തീയതി: 10.08.2022 | 34 |
| 2020-21 | കെ.എസ്.എ.റ്റി.വി.എം/ജിപി1/444/2022 തീയതി: 10.08.2022 | 36 |
| 2021-22 | കെ.എസ്.എ.റ്റി.വി.എം/ജിപി1/2154/2022 തീയതി: 05.01.2023 | 30 |

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ),
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം.

## Annexure 1
## Audit Certificate

i. I have audited the attached Financial statements approved vide resolution number 3 dated 24-07-2023 and submitted on 24-07-2023 , comprising of Receipt and Payment statement,Income and Expenditure account for the year ended on March 2023 and Balance sheet as on 31-03-2023 , with supporting forms, of the Karode Grama Panchayat as per section 215(4) of Kerala Panchayath Raj act 1994, Kerala Panchayath Raj Accounts rules 2011, KSAD Audit Manual chapters 4.2.1 & 11.3 and as per guidelines and compliance instructions issued by State /Central Government, Finance Commission and other funding agencies from time to time. Preparation of these accounts is the responsibility of the PRI's management. My responsibility is to express an opinion on these accounts based on my Financial Audit.

ii. I have conducted my Financial Audit in accordance with auditing standards issued by C&AG of India and Guidelines for Financial Audit of PRIs issued by C&AG. These standards/guidelines require that I plan and perform the audit to obtain reasonable assurance whether the financial statements are free from material misstatements. An audit includes examining evidences supporting the amounts and disclosures in the financial statements. An audit also includes assessing the accounting principles used and significant estimates made, as well as evaluating the overall presentation of accounts. I believe that my audit provides a reasonable basis for my opinion.

iii. On the basis of the information and explanations that I required and have obtained, and according to the best of my information as a result of Financial Audit of the accounts and on consideration of explanations given,

I certify that, subject to my observations in the appended report, except for the matters described in the basis for qualified opinion in the appended report and subject to other observations therein, the Annual Financial Statements give a true and fair view of financial result and Financial position of Karode Grama Panchayat for the year 2022-2023

Date: 16/10/2023

Deputy Director(H.G)
District Office Trivandrum
Kerala State Audit Department

### Audit Report appended to the Audit Certificate of Karode Grama Panchayat for the Year 2022-2023.

**1.Major Observations**

1. Non disclosure of Assets
(a) The balance amount of 49719/- in SBI Pozhiyoor branch account (No 41601123118) has not been included in the Annual Financial Statement.
(b) Vehicle purchased for the amount of 483149/- not included as asset in the AFS.

**2.Other Observations**

1. Mandatory financial statements such as ratios, notes on accounts prescribed in accounting rules are not submitted for audit.
2. All the schedules of financial statements are not submitted.
Eg- Calculation statement of Schedule B1 containing the adjusted operating result for the current year has not been submitted.

3. Cash flow statement-Net increase /decrease in cashflow does not match with the difference between the opening balance and closing balance of cash and cash equivalence.
4. Cheque deposited but not credited. Details given below
. IOB -ÂÂÂ 4 cheques of total amount Rs. 550005/-
. SBI -ÂÂÂ E payment account -ÂÂÂ Rs. 82627/-
5. Payment Voucher misclassification -ÂÂÂ amount deposited for KSEB project not booked in advance head.
6. Necessary registers such as deposit register, loan register are not maintained to validate the amounts in the annual accounts.
7. Lapse in making timely and accurate demand entries in respect of tax and non-tax revenue (eg- property tax)
8. Lack of authenticated journal vouchers for supporting the adjustment entries recorded in journal book.
9. Not providing adequate provision on doubtful debts.
No provision has been made in Schedule B9 of the balance sheet for expenses that cannot be met within the financial year (eg honorarium of representatives in March 2023, fuel expenses etc.).

10. Depreciation provided for an asset more than book value.
Eg- As per B11 Schedule of Balalce Sheet, Accumulated depreciation for Public lighting is Rs. 1,28,35,127/-. But Asset value of street light line extention is recorded asÂ 11185986/-

11. Liability amount shown as liability in Balance sheet does not match with bank account.

In schedule B2, the balance of panchayat distress relief fund is recorded as 35,320/-. But in the B17 form it is recorded as 36,380/-.

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

തിരുവനന്തപുരം ജില്ലയിലെ കാരോട് ഗ്രാമപഞ്ചായത്തിന്റെ 2022-2023 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, തിരുവനന്തപുരം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്